# അവസാന വാക്ക്
# അഞ്ചു കലിമകൾ

അബൂ തൈമിയ്യ ഹനീഫ് ബാവ

# അവസാന വാക്ക്
# അഞ്ചു കലിമകൾ

അബൂ തൈമിയ്യഃ ഹനീഫ് ബാവ

## جميع الحقوق محفوظة

يحظر طبع أو تصوير أو ترجمة أو إعادة تنضيد الكتاب كاملا أو مجزأً أو تسجيله على أشرطة كاسيت أو إدخاله على الكمبيوتر أو برمجته على أسطوانات ضوئية إلا بموافقة خطية مسبقة من المؤلف.

No part of this book may be translated, reproduced, distributed in any form or by any means or stored in a database or retrieval system without prior written permission from the Author.

**ഖുർആൻ ഹദീസ് വചനങ്ങൾ അടങ്ങുന്നതിനാൽ ഈ കൃതി ആദരവോടെ കൈകാര്യം ചെയ്യാൻ താൽപര്യം.**

[Avasna Vakku Anju kalimakal]

| | | |
|---|---|---|
| Author | : | Abu Taymiyya Haneef Bava |
| Publishers | : | SMW Trust, Kochi, Kerala, India |
| Printed at | : | |
| First Edition | : | 2022 |
| DTP, Design | : | Rafeeq, ZR, HB |

# അവസാന വാക്ക്
# അഞ്ചു കലിമകൾ

അബൂ തൈമിയ്യഃ ഹനീഫ് ബാവ

SMW ട്രസ്റ്റ്, കൊച്ചി

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

إن الحمد لله، نحمده ونستعينه ونستغفره، ونعوذ بالله من شرور أنفسنا ومن سيئات أعمالنا، من يهده الله فلا مضل له، ومن يضلل فلا هادي له، وأشهد أن لا إله إلا الله وحده لا شريك له، وأشهد أن محمدا عبده ورسوله.

﴿ يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ ﴾ [آل عمران ١٠٢]

﴿ يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً ۚ وَاتَّقُوا اللَّهَ الَّذِي تَسَاءَلُونَ بِهِ وَالْأَرْحَامَ ۚ إِنَّ اللَّهَ كَانَ عَلَيْكُمْ رَقِيبًا ﴾ [النساء ١]

﴿ يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلًا سَدِيدًا ۞ يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَمَن يُطِعِ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا ﴾ [الأحزاب ٧٠-٧١]

أما بعد؛ فإن أصدق الحديث كتاب الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، فكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

**അല്ലാഹു നമ്മെ സൃഷ്ടിച്ചു. ഭൂമിയിൽ അധിവസിപ്പിച്ചു. അതിന്റെ മുകളിലൂടെ സഞ്ചരിക്കാനും സന്ധാരണോപാധികൾ കണ്ടെത്താനും സൗകര്യമൊരുക്കി. എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങൾ നൽകി. പകരം നമ്മോട് ആവശ്യപ്പെട്ടത് ഒരേയൊരു കാര്യം. അവനെ മാത്രം ആരാധിക്കുക, അങ്ങനെ നന്ദിയുള്ള അടിമകളാകുക.**

**അല്ലാഹു പറയുന്നു:**

بَلِ اللَّهَ فَاعْبُدْ وَكُن مِّنَ الشَّاكِرِينَ (الزمر ٦٦)

**(മറിച്ച്, നീ അല്ലാഹുവിനെ മാത്രം ആരാധിക്കുക. നീ നന്ദി കാണിക്കുന്നവരിൽ ഉൾപ്പെടുക.) [സുമർ 66]**

അല്ലാഹുവിനെ അറിയുക, അവന്റെ ദൂതനെ അറിയുക, അവന്റെ ദീൻ അറിയുക. മതപരമായ അറിവ് യോഗ്യരായ പണ്ഡിതന്മാരിൽനിന്ന് പഠിച്ചു മനസ്സിലാക്കുക, അല്ലാഹുവിന്റെ വിധിവിലക്കുകൾ മാനിക്കുക, സൽകർമ്മങ്ങൾ അനുഷ്ഠിക്കുക. അതിലാണ് ഇഹലോക ജീവിതത്തിലെ ആത്യന്തികമായ ആനന്ദം; അനശ്വരമായ പാരത്രിക ജീവിതത്തിൽ അത്യുത്തമമായ പ്രതിഫലവും.

അല്ലാഹു പറയുന്നു:

مَنْ عَمِلَ صَالِحًا مِنْ ذَكَرٍ أَوْ أُنْثَى وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُ حَيَاةً طَيِّبَةً وَلَنَجْزِيَنَّهُمْ أَجْرَهُمْ بِأَحْسَنِ مَا كَانُوا يَعْمَلُونَ (النحل ٩٧)

(സ്ത്രീ പുരുഷഭേദമന്യെ ആർ സത്യവിശ്വാസത്തോടെ സൽകർമ്മം അനുഷ്ഠിക്കുന്നുവോ അവന്ന നാം വിശിഷ്ടമായ ഒരു ജീവിതം നൽകുക തന്നെ ചെയ്യും. അവരുടെ ചെയ്തികളിൽ ഉത്തമമായതിന് അനുസൃതമായ പ്രതിഫലം അവർക്കു നാം നൽകുക തന്നെ ചെയ്യും.) [നഹ്ൽ 97]

ഈമാൻ ഹൃദയത്തിന്റെ അകത്തളത്തിലേക്ക് ആഴ്ന്നിറങ്ങിയാൽ അനുഭവവേദ്യമാകുന്ന അതിന്റെ മാധുര്യവും സൗന്ദര്യവും അലങ്കാരവും വർണ്ണനാതീതമാണ്. തൽഫലമായി അനുഭവപ്പെടുന്ന സന്തുഷ്ടിയും പരമാനന്ദവും അവാച്യമാണ്. അതിനെക്കുറിച്ച് സലഫുകൾ പറയുന്നത് നോക്കൂ:

قال إبراهيم بن أدهم ﵀: لَوْ عَلِمَ الْمُلُوكُ وَأَبْنَاءُ الْمُلُوكِ مَا نَحْنُ فِيهِ مِنَ السُّرُورِ وَالنَّعِيمِ إِذًا لَجَالَدُونَا عَلَى مَا نَحْنُ فِيهِ بِأَسْيَافِهِمْ أَيَّامَ الْحَيَاةِ عَلَى مَا نَحْنُ فِيهِ مِنْ لَذَّةِ الْعَيْشِ وَقِلَّةِ التَّعَبِ. (الحلية)

(ഇബ്റാഹീം ബിൻ അദ്ഹം ﵀ പറയുന്നു: രാജാക്കന്മാരും രാജകുമാരന്മാരും നാം ആസ്വദിക്കുന്ന ഈ ആനന്ദവും ആഹ്ലാദവും അറിഞ്ഞിരുന്നുവെങ്കിൽ അവർ നമ്മോട്

വാളെടുത്ത് പൊരുതുമായിരുന്നു - ഇവിടെ നാം കണ്ടെത്തിയ ജീവിത മാധുര്യവും ആയാസരാഹിത്യവും കാരണത്താൽ.) [ഹിൽയഃ]

അല്ലാഹുവിനെ സ്മരിച്ചും അവനെ പ്രകീർത്തിച്ചും അവന്ന് നന്ദിയർപ്പിച്ചുമുള്ള ജീവിതമാണ് സാർത്ഥകമായത്. അതാണ് ഈ ദുനിയാവിലെ സ്വർഗ്ഗം. അതിൽ പ്രവേശിക്കാൻ കഴിയാത്തവന് പാരത്രിക സ്വർഗ്ഗത്തിൽ കടക്കാനാവില്ല. അതല്ലാത്ത ജീവിതമൊക്കെയും മരണതുല്യം; വെറുതെ ആയുസ്സ് തുലക്കൽ മാത്രം.

عَنْ أَبِي مُوسَى ﵁ قَالَ : قَالَ النَّبِيُّ ﷺ : مَثَلُ الَّذِي يَذْكُرُ رَبَّهُ وَالَّذِي لَا يَذْكُرُ، مَثَلُ الْحَيِّ وَالْمَيِّتِ. (البخاري)

(അബൂമൂസ ﵁ നിവേദനം. നബി ﷺ പറയുന്നു: തന്റെ റബ്ബിനെ പ്രകീർത്തിക്കുന്നവന്റെയും പ്രകീർത്തിക്കാത്തവന്റെയും ഉപമ, ജീവനുള്ളവനെയും മരിച്ചവനെയും പോലെയാണ്.) [ബുഖാരി]

അവധിയെത്താതെ ഒരാത്മാവും ദുനിയാവിൽ നിന്നു വിടപറയില്ല. അവധി എത്തുന്നതുവരെയുള്ള രിസ്ഖ് അഥവാ, അല്ലാഹു ഇവിടെ നമുക്ക് അനുഭവിക്കാൻ ഒരുക്കിയിരിക്കുന്ന വിഭവങ്ങൾ, പൂർണ്ണമായും ആസ്വദിക്കാതെ ഒരാത്മാവിന്റെയും അവധിയെത്തുകയുമില്ല.

عَنْ أَبِي أُمَامَةَ قَالَ: قَالَ رَسُولُ اللَّهِ ﷺ : إِنَّ رُوحَ الْقُدُسِ نَفَثَ فِي روعِي أَنَّ نَفْسًا لَنْ تَمُوتَ حَتَّى تَسْتَكْمِلَ أَجَلَهَا وَتَسْتَوْعِبَ رِزْقَهَا، فَأَجْمِلُوا فِي الطَّلَبِ، وَلَا يَحْمِلَنَّ أَحَدَكُمُ اسْتِبْطَاءُ الرِّزْقِ أَنْ يَطْلُبَهُ بِمَعْصِيَةٍ، فَإِنَّ اللَّهَ لَا يُنَالُ مَا عِنْدَهُ إِلَّا بِطَاعَتِهِ .(الحلية لأبي نعيم، وصححه الألباني)

(അബൂ ഉമാമഃ ﷺ നിവേദനം. അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നു: തീർച്ചയായും ജിബ്‌രീൽ എന്റെ ഹൃദയത്തിൽ വെളിപാട് ഇട്ടുതന്നിരിക്കുന്നു: ഒരു ആത്മാവ് അതിന്റെ അവധി പൂർത്തിയാകാതെയും വിഭവങ്ങൾ പൂർണ്ണമായി അനുഭവിക്കാതെയും മരണപ്പെടുന്ന പ്രശ്നമില്ല. അതിനാൽ നല്ലനിലയിൽ നിങ്ങൾ സമ്പാദ്യമന്വേഷിക്കുവീൻ. വിഭവങ്ങൾ വന്നണയാനുള്ള താമസം പാപത്തിലൂടെ സമ്പാദിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. തീർച്ചയായും അല്ലാഹുവിന്റെ പക്കലുള്ളത് അവനെ വഴിപ്പെടുന്നതിലൂടെയല്ലാതെ ലഭ്യമാവില്ല.) [ഹിൽയഃ]

അല്ലാഹു നൽകിയ മുഴുവൻ അറിവും കഴിവും സാമഗ്രികളും സന്നാഹങ്ങളും ആസ്വാദനങ്ങളും അനുഗ്രഹങ്ങളും മറ്റും അവന്റെ രിസ്ഖിൽപെട്ടതാണ്. ഈമാനും സൽകർമ്മങ്ങളുമാണ് അവന്റെ രിസ്ഖിൽ ഏറ്റവും വിലപ്പെട്ടത്. അല്ലാഹുവിന്റെ ഉതവിയാൽ നരകം സ്പർശിക്കാതെ നേരെ സ്വർഗ്ഗത്തിലണയാൻ സാധിക്കണം. അതിനു കാരണമായിത്തീരുന്ന അതിമഹോന്നതമായ ഒരു വിഭവത്തെക്കുറിച്ച് അല്ലാഹുവിന്റെ ദൂതൻ അറിയിച്ചു തന്നിട്ടുണ്ട്. ജീവിതാന്തം വരെ അതിൽ നിലനിൽക്കാനും, ദുനിയാവിൽ നിന്ന് വിട പറയുന്ന നേരത്ത് അത് ഉച്ചരിച്ചു മരിക്കാനുമുള്ള തൗഫീഖ് ലഭിക്കണം. അതിനെക്കുറിച്ചാണ് ഈ കുറിപ്പ്. എനിക്കും എന്റെ മാതാപിതാക്കൾക്കും ഭാര്യാ സന്തതികൾക്കും ഞാൻ സ്നേഹിക്കുന്ന, എന്നെ സ്നേഹിക്കുന്ന എല്ലാവർക്കും ഉപകരിക്കാൻ; സമ്പത്തും സന്താനങ്ങളും ഉപകരിക്കാത്ത നാളിൽ സുരക്ഷിത ഹൃദയവുമായി അല്ലാഹുവിന്റെയടുക്കൽ ചെന്നണയാൻ. അവൻ നമുക്ക് ഏവർക്കും തൗഫീഖ് നൽകട്ടെ.

# അവസാന വാക്ക്

- إذا قال العبد: لا إله إلا الله، والله أكبر، قال الله عز وجل: صدق عبدي، لا إله إلا أنا، وأنا أكبر.
- وإذا قال العبد: لا إله إلا الله وحده، قال: صدق عبدي، لا إله إلا أنا وحدي.
- وإذا قال: لا إله إلا الله لا شريك له، قال: صدق عبدي، لا إله إلا أنا، ولا شريك لي.
- وإذا قال: لا إله إلا الله، له الملك، وله الحمد، قال: صدق عبدي، لا إله إلا أنا، لي الملك، ولي الحمد.
- وإذا قال: لا إله إلا الله، ولا حول ولا قوة إلا بالله، قال: صدق عبدي، لا إله إلا أنا، ولا حول ولا قوة إلا بي، من رُزقهن عند موته لم تمسه النار.

[أورده الألباني في الصحيحة (رقم ١٣٩٠) وصححه، وقال: أخرجه الترمذي (٢ / ٢٥٣) وابن ماجه (٣٧٩٤ ) وابن حبان (٢٣٢٥ ) وأبو يعلى في مسنده ٣٤٤ - ٣٤٥ وعبد بن حميد في المنتخب من المسند ( ١٠٤ / ١- ظاهرية ) من طرق عن أبي إسحاق عن الأغر أبي مسلم أنه شهد على أبي هريرة وأبي سعيد أنهما شهدا على النبي ﷺ قال: فذكره]

**നബി ﷺ പറയുന്നു:**

**لاَ إِلَهَ إِلاَّ اللَّهُ وَاللَّهُ أَكْبَرُ**

**('ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി അല്ലാഹു അല്ലാതെ ആരുമില്ല, അല്ലാഹു ഏറ്റവും വലിയവനാകുന്നു'**

എന്ന് ഒരു അടിമ ഉരുവിടുമ്പോൾ അല്ലാഹു പ്രതിവചിക്കും: എന്റെ അടിമ പറഞ്ഞത് സത്യം. ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി ഞാനല്ലാതെ ആരുമില്ല, ഞാനാകുന്നു ഏറ്റവും വലിയവൻ.

لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ

'ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി അല്ലാഹു അല്ലാതെ ആരുമില്ല, അവൻ ഏകനാകുന്നു' എന്ന് ഒരു അടിമ ഉരുവിടുമ്പോൾ അല്ലാഹു പ്രതിവചിക്കും: എന്റെ അടിമ പറഞ്ഞത് സത്യം. ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി ഞാനല്ലാതെ ആരുമില്ല, ഞാൻ ഏകനാകുന്നു.

لاَ إِلَهَ إِلاَّ اللَّهُ لاَ شَرِيكَ لَهُ

'ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി അല്ലാഹു അല്ലാതെ ആരുമില്ല, അവന് യാതൊരു പങ്കുകാരനുമില്ല' എന്ന് ഒരു അടിമ ഉരുവിടുമ്പോൾ അല്ലാഹു പ്രതിവചിക്കും: എന്റെ അടിമ പറഞ്ഞത് സത്യം. ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി ഞാനല്ലാതെ ആരുമില്ല, എനിക്കൊരു പങ്കുകാരനുമേയില്ല.

لاَ إِلَهَ إِلاَّ اللَّهُ، لَهُ الْمُلْكُ، وَلَهُ الْحَمْدُ

'ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി അല്ലാഹു അല്ലാതെ ആരുമില്ല, അവന്നാകുന്നു സർവ്വാധിപത്യം, അവന്നാകുന്നു സർവ്വ സ്തുതിയും' എന്ന് ഒരു അടിമ ഉരുവിടുമ്പോൾ അല്ലാഹു പ്രതിവചിക്കും: എന്റെ അടിമ പറഞ്ഞത് സത്യം. ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി ഞാനല്ലാതെ ആരുമില്ല, എനിക്കാകുന്നു സർവ്വാധിപത്യം, എനിക്കാകുന്നു സർവ്വ സ്തുതിയും.

لاَ إِلَهَ إِلاَّ اللَّهُ، وَلاَ حَوْلَ وَلاَ قُوَّةَ إِلاَّ بِاللَّهِ

'ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി അല്ലാഹു അല്ലാതെ ആരുമില്ല. അല്ലാഹുവിനെക്കൊണ്ടല്ലാതെ തിന്മ തടുക്കാനുള്ള ഒരു ഉപായമോ നന്മ നേടാൻ ഒരു ശക്തിയോ കൈവരികയുമില്ല' എന്ന് ഒരു അടിമ ഉരുവിടുമ്പോൾ അല്ലാഹു പ്രതിവചിക്കും: എന്റെ അടിമ പറഞ്ഞത് സത്യം. ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി ഞാനല്ലാതെ ആരുമില്ല, എന്നെക്കൊണ്ടല്ലാതെ തിന്മ തടുക്കാനുള്ള ഒരു ഉപായമോ നന്മ നേടാൻ ഒരു ശക്തിയോ കൈവരികയുമില്ല. മരണവേളയിൽ ഉരുവിടാനുള്ള വിഭവമായി ഈ വചനങ്ങൾ ആർക്ക് ലഭിക്കുന്നുവോ അവനെ നരകം സ്പർശിക്കുകയില്ല.) [അൽബാനി, സ്വഹീഹഃ 1390]

وفي رواية: وَمَنْ قَالَ فِي مَرَضِهِ ثُمَّ مَاتَ لَمْ يَدْخُلِ النَّارَ. (المنتخب من مسند عبد بن حميد)

(മറ്റൊരു രിവായത്തിൽ കാണാം: ഒരാൾ തന്റെ രോഗാവസ്ഥയിൽ ഈ വചനങ്ങൾ ഉരുവിടുകയും പിന്നീട് മരണപ്പെടുകയും ചെയ്താൽ അവൻ നരകത്തിൽ പ്രവേശിക്കുകയില്ല.) [അബ്ദു ബിൻ ഹുമൈദിന്റെ മുസ്നദിൽ നിന്നുള്ള മുൻതഖബ്]

ഇമാം തിർമുദി സുനനിൽ ഈ ഹദീസ് ഉദ്ധരിച്ചിട്ടുള്ളത് باب ما يقول العبد إذا مرض 'ഒരു അടിമ രോഗിയായാൽ പറയേണ്ടത്' എന്ന അദ്ധ്യായത്തിലാണ്.

ഇമാം ഇബ്നു മൻദഃ കിതാബുത്തൗഹീദിൽ ഉദ്ധരിച്ച രിവായത്തിൽ ഇങ്ങനെ കൂടി കാണാം:

"إِنَّ اللَّهَ عَزَّ وَجَلَّ يُصَدِّقُ الْعَبْدَ بِخَمْسٍ يَقُولُهُنَّ..."

(നിശ്ചയമായും അല്ലാഹു തന്റെ അടിയനെ അവൻ പറയുന്ന അഞ്ചു വചനങ്ങളിൽ സത്യപ്പെടുത്തും...)

അല്ലാഹു അവന്റെ ഒരു അടിമയെ സത്യപ്പെടുത്തുന്നതിന്റെ മഹത്വം വിവരണാതീതമാണ്. അടിമക്ക് അതിലൂടെ കരഗതമാകുന്ന സൗഭാഗ്യം അനർഘമാണ്.

ഇമാം ഇബ്നുൽ ഖയ്യിം ﵀ വിവരിക്കുന്നത് കാണുക:

ومن صدقه الله تعالى لم يحشر مع الكاذبين، ورُجي له أن يحشر مع الصادقين. وروى أبو إسحاق عن الأغر أبي مسلم أنه شهد على أبي هريرة وأبي سعيد الخدري ﵄ أنهما شهدا على رسول الله ﷺ أنه قال: إذا قال العبد: لا إله إلا الله، والله أكبر، قال: يقول الله تبارك وتعالى: صدق عبدي، لا إله إلا أنا، وأنا أكبر... إلخ (الوابل الصيب)

(ആരെ അല്ലാഹു സത്യപ്പെടുത്തുന്നുവോ അവൻ അന്ത്യനാളിൽ കള്ളന്മാരുടെ കൂട്ടത്തിൽ ഉയർത്തെഴുന്നേൽപ്പിക്കപ്പെടില്ല. മറിച്ച്, സത്യവാന്മാരോടൊപ്പം ഒരുമിച്ചു കൂട്ടപ്പെടുമെന്ന് പ്രതീക്ഷിക്കാം... അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നു: لا إله إلا الله والله اكبر 'ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി അല്ലാഹുവല്ലാതെ ആരുമില്ല, അല്ലാഹു ഏറ്റവും വലിയവനാകുന്നു' എന്ന് ഒരു അടിമ ഉരുവിടുമ്പോൾ അല്ലാഹു പ്രതിവചിക്കും: എന്റെ അടിമ പറഞ്ഞത് സത്യം. ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി ഞാനല്ലാതെ ആരുമില്ല. ഞാനാകുന്നു ഏറ്റവും വലിയവൻ...) [അൽ വാബിലുസ്സ്വയ്യിബ്]

അല്ലാഹു പറയുന്നു:

وَالَّذِي جَاءَ بِالصِّدْقِ وَصَدَّقَ بِهِ أُولَئِكَ هُمُ الْمُتَّقُونَ ۞ لَهُمْ مَا يَشَاءُونَ عِنْدَ رَبِّهِمْ ذَلِكَ جَزَاءُ الْمُحْسِنِينَ (الزمر ٣٣، ٣٤)

(പരമമായ സത്യം കൊണ്ടുവന്നവനും അദ്ദേഹത്തെ സത്യപ്പെടുത്തുന്നവരുമാണ് മുത്തഖീങ്ങൾ. അവർക്ക് റബ്ബിന്റെയടുക്കൽ അവർ ഇഛരിക്കുന്നത് ലഭിക്കും. അതാണ് മുഹ്സിനീങ്ങൾക്കുള്ള പ്രതിഫലം.) [സുമർ 33, 34]

മേൽ സൂക്തത്തെ ഇബ്നു അബ്ബാസ് ﵄ വ്യാഖ്യാനിക്കുന്നത് കാണുക:

عَنِ ابْنِ عَبَّاسٍ ﵄: (وَالَّذِي جَاءَ بِالصِّدْقِ) قَالَ: مَنْ جَاءَ بِلَا إِلَهَ إِلَّا اللَّهُ، (وَصَدَّقَ بِهِ) يَعْنِي: رَسُولَ اللَّهِ ﷺ (تفسير ابن كثير)

('പരമസത്യവുമായി വന്നവൻ' അഥവാ, 'ലാ ഇലാഹ ഇല്ലല്ലാ' യുമായി വന്നവൻ. 'അദ്ദേഹത്തെ സത്യപ്പെടുത്തിയവൻ' അഥവാ, അല്ലാഹുവിന്റെ റസൂലിനെ സത്യപ്പെടുത്തിയവൻ.) [ഇബ്നു കഥീർ]

لا إله إلا الله അതാണ് പരമമായ സത്യം. അതാണ് സത്യത്തിന്റെ വചനം (كلمة الحق), സത്യസാക്ഷ്യത്തിന്റെ വചനം (كلمة الشهادة), ഏറ്റവും ബലിഷ്ഠമായ പാശം (العروة الوثقى), സ്ഥിരതയുടെ വചനം (القول الثابت), തഖ്‌വഃയുടെ വചനം (كلمة التقوى), വിശിഷ്ട വചനം (الكلمة الطيبة). അതാണ് എല്ലാ നബിമാരും പ്രബോധനം ചെയ്ത ഏറ്റവും ഉൽകൃഷ്ട വചനം.

ഈ കലിമയുടെ പഠനവും പ്രയോഗവുമാണ് അടിമയുടെ മേൽ ചുമത്തപ്പെട്ട പ്രഥമവും പ്രമുഖവുമായ ഉത്തരവാദിത്തം. അതുതന്നെയാണ് ആദ്യത്തെയും അവസാനത്തെയും കാര്യം.

അല്ലാഹു പറയുന്നു:

فَاعْلَمْ أَنَّهُ لَا إِلَهَ إِلَّا اللَّهُ وَاسْتَغْفِرْ لِذَنْبِكَ وَلِلْمُؤْمِنِينَ وَالْمُؤْمِنَاتِ... (محمد ١٩)

(അറിയുക! കാര്യം, ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി അല്ലാഹുവല്ലാതെ ആരുമില്ല, തീർച്ച. നിന്റെ വീഴ്ചകൾക്ക് നീ പാപമോചനം തേടുക; വിശ്വാസി വിശ്വാസിനികൾക്ക് വേണ്ടിയും...) [മുഹമ്മദ് 19]

ഇമാം സഅ്ദി ﷫ വിശദീകരിക്കുന്നു:

العلم لا بد فيه من إقرار القلب ومعرفته، بمعنى ما طُلب منه علمه، وتمامه أن يعمل بمقتضاه، وهذا العلم الذي أمر الله به -وهو العلم بتوحيد الله- فرض عين على كل إنسان، لا يسقط عن أحد، كائنا من كان؛ بل كل مضطر إلى ذلك. (تيسير الكريم الرحمن)

(ഒരു വ്യക്തിയോട് ആർജ്ജിക്കാൻ ആവശ്യപ്പെട്ട മതപരമായ അറിവ് ശരിയാവണമെങ്കിൽ അക്കാര്യം നല്ലവണ്ണം ഗ്രഹിച്ച് ഹൃദയം കൊണ്ട് അംഗീകരിച്ചതായിരിക്കണം. അതിന്റെ താൽപര്യമനുസരിച്ച് പ്രവർത്തിക്കുക കൂടി ചെയ്യുമ്പോഴാണ് ആ അറിവ് പൂർണ്ണതയിലെത്തുന്നത്. ഇവിടെ, അറിവു നേടാൻ അല്ലാഹു കൽപ്പിച്ച കാര്യം അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ചുള്ള ജ്ഞാനമാണ്; അത് എല്ലാ മനുഷ്യരുടെയും മേൽ വ്യക്തിഗതമായ ബാധ്യതയുമാണ്. ആരുതന്നെ ആയാലും ഒരാളിൽ നിന്നും ആ ബാധ്യത ഇല്ലാതാകുന്നില്ല. എല്ലാവരും ആ അറിവിന്റെ അത്യാവശ്യക്കാരാണ്.) [സഅ്ദി തഫ്സീറിൽ രേഖപ്പെടുത്തിയത്]

ഇമാം ഇബ്നുൽ ഖയ്യിം ﷫ പറയുന്നു:

أَوَّلُ الْوَاجِبَاتِ مِفْتَاحُ دَعْوَةِ الْمُرْسَلِينَ كُلِّهِمْ، وَهُوَ أَوَّلُ مَا دَعَا إِلَيْهِ فَاتِحُهُمْ نُوحٌ، فَقَالَ: يَاقَوْمِ اعْبُدُوا اللَّهَ مَا لَكُمْ مِنْ إِلَهٍ غَيْرُهُ (الأعراف: ٥٩) وَهُوَ أَوَّلُ مَا دَعَا إِلَيْهِ خَاتِمُهُمْ مُحَمَّدٌ صَلَّى اللَّهُ عَلَيْهِ وَسَلَّم. (مدارج السالكين)

(അല്ലാഹുവിന്റെ ദൂതന്മാർ അവരുടെ പ്രബോധനത്തിന് തുടക്കം കുറിച്ച കാര്യമേതോ അതാണ് നിർബന്ധ മാക്കപ്പെട്ട കാര്യങ്ങളിൽ ഒന്നാമത്തേത്. അവരിൽ പ്രഥമൻ നൂഹ് ﵇ ആദ്യം ക്ഷണിച്ചത് അതിലേക്കാണ്. അദ്ദേഹം പറഞ്ഞു: "അല്ലയോ സമൂഹമേ, നിങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കുക. നിങ്ങൾക്ക് ന്യായമായും ആരാധന ചെയ്യാൻ അർഹനായി അവനല്ലാതെ ആരുമില്ല."(അഅ്റാഫ് 59) ദൂതരിൽ അന്തിമൻ മുഹമ്മദ് ﷺ യും ആദ്യം ക്ഷണിച്ചത് അതിലേക്കു തന്നെ.) [മദാരിജുസ്സാ ലികീൻ]

عن ابْن عَبَّاسٍ ﵄ قال: لَمَّا بَعَثَ النَّبِيُّ ﷺ مُعَاذَ بْنَ جَبَلٍ إِلَى نَحْوِ أَهْلِ اليَمَنِ قَالَ لَهُ: إِنَّكَ تَقْدَمُ عَلَى قَوْمٍ مِنْ أَهْلِ الكِتَابِ، فَلْيَكُنْ أَوَّلَ مَا تَدْعُوهُمْ إِلَى أَنْ يُوَحِّدُوا اللَّهَ تَعَالَى، فَإِذَا عَرَفُوا ذَلِكَ، فَأَخْبِرْهُمْ أَنَّ اللَّهَ قَدْ فَرَضَ عَلَيْهِمْ خَمْسَ صَلَوَاتٍ فِي يَوْمِهِمْ وَلَيْلَتِهِمْ، ...(البخاري)

(ഇബ്നു അബ്ബാസ് ﵄ നിവേദനം. നബി ﷺ മുആദ് ബിൻ ജബൽ ﵁ വിനെ യമൻ ഭാഗത്തേക്ക് നിയോഗിച്ചപ്പോൾ അദ്ദേഹത്തോട് പറഞ്ഞു: ഗ്രന്ഥം നൽകപ്പെട്ട ഒരു സമൂഹത്തിലേക്കാണ് താങ്കൾ കടന്നുചെല്ലുന്നത്. അതിനാൽ അവരെ ആദ്യം ക്ഷണിക്കേണ്ടത് അല്ലാഹുവിന്റെ ഏകത്വത്തിലേക്കായിരിക്കണം. അത് അവർ ഉൾക്കൊണ്ടാൽ, അല്ലാഹു അവരുടെ മേൽ രാപ്പകലുകളിലായി അഞ്ചു നമസ്കാരങ്ങൾ നിർബന്ധമാക്കിയിട്ടുണ്ടെന്ന് അവരെ അറിയിക്കണം...) [ബുഖാരി]

ദുനിയാവിൽ വെച്ച് ലഭിക്കാവുന്ന ഏറ്റവും വലിയ അനുഗ്രഹം 'ലാ ഇലാഹ ഇല്ലല്ലാ' സ്വീകരിക്കാനുള്ള തൗഫീഖാണ്. സൂറത്തുന്നഹ്ലിന്റെ ആരംഭത്തിൽ അല്ലാഹു പറയുന്നു:

يُنَزِّلُ الْمَلَائِكَةَ بِالرُّوحِ مِنْ أَمْرِهِ عَلَى مَن يَّشَاءُ مِنْ عِبَادِهِ أَنْ أَنْذِرُوا أَنَّهُ لاَ إِلَهَ إِلاَّ أَنَا فَاتَّقُونِ. (النحل ٢)

(അവന്റെ ശാസനയാൽ വഹ്‌യിന്റെ ചൈതന്യവുമായി അവ നുദ്ദേശിക്കുന്ന അടിയന്മാരുടെ അടുക്കലേക്ക് അവൻ മലക്കുകളെ ഇറക്കുന്നു - ന്യായമായും ആരാധനക്ക് അർഹനായി ഞാനല്ലാതെ ആരുമില്ല, അതിനാൽ എന്നോട് തഖ്‌വ പുലർത്തുവിൻ എന്ന് താക്കീതു നൽകാൻ.) [നഹ്‌ൽ2]

ഇമാം സഅ്ദി ﷺ മേൽ സൂക്തത്തെ വിശദീകരിക്കുന്നു:

هذه السورة تسمى سورة النعم، فإن الله ذكر في أولها أصول النعم وقواعدها، وفي آخرها متمماتها ومكملاتها. (تيسير الكريم الرحمن)

(ഈ സൂറത്തിനെ അനുഗ്രഹങ്ങളുടെ അദ്ധ്യായം എന്ന് വിളിക്കുന്നു. കാരണം ഇതിന്റെ ആരംഭത്തിൽ അല്ലാഹു അനുഗ്രഹങ്ങളുടെ ആധാരങ്ങളെയും അസ്തിവാരങ്ങളെയും കുറിച്ചാണ് പ്രതിപാദിക്കുന്നത്. അവസാനത്തിലാകട്ടെ അവയുടെ തികവുകളെയും പൂരകങ്ങളെയും സംബന്ധിച്ചുമാണ് പറയുന്നത്.) [തയ്സീറുൽ കരീമി റഹ്‌മാൻ]

ഇബ്നു റജബ് ﷺ പറയുന്നു:

وهذه الآية أول ما عدد الله على عباده من النعم في سورة النعم التي تسمى سورة النحل، ولهذا قال ابن عيينة: ما أنعم الله على العباد نعمة أعظم من أن عرفهم لا إله إلا الله. (تحقيق كلمة الإخلاص)

(സൂറത്തുന്നഹ്‌ൽ എന്നു പേരുള്ള അനുഗ്രഹങ്ങളുടെ അധ്യായത്തിൽ അല്ലാഹു തന്റെ അടിമകൾക്കു നൽകിയ അനുഗ്രഹങ്ങളെ എണ്ണിപ്പറയുന്നവയിൽ ആദ്യത്തേതാണ് ഈ സൂക്തം. അതുകൊണ്ടു തന്നെ ഇബ്നു ഉയയ്നഃ ﷺ പറഞ്ഞത് ഇപ്രകാരമാണ്: 'ലാ ഇലാഹ ഇല്ലല്ലാ' അവർക്കു മനസ്സിലാക്കിക്കൊടുത്തതിനെക്കാൾ മഹത്തായ മറ്റൊരു

അനുഗ്രവും അല്ലാഹു തന്റെ അടിമകൾക്ക് നൽകിയിട്ടില്ല.) [തഹ്ഖീഖു കലിമതിൽ ഇഖ്ലാസ്]

അല്ലാഹു പറയുന്നു:

وَأَسْبَغَ عَلَيْكُمْ نِعَمَهُ ظَاهِرَةً وَبَاطِنَةً ... (لقمان ٢٠)

(അകമേയും പുറമേയും അവൻ തന്റെ അനുഗ്രഹങ്ങൾ നിങ്ങൾക്ക് വാരിച്ചൊരിഞ്ഞു തന്നിരിക്കുന്നു.) [ലുഖ്മാൻ 20]

ഇമാം ഇബ്നു ജരീർ ﷺ വിശദീകരിക്കുന്നു:

عن ابن عباس رضي الله عنهما : (نِعَمَةً ظاهِرَةً وَباطِنَةً ) قال: لا إله إلا الله، وقوله: (ظاهِرَةً) يقول: ظاهرة على الألسن قولا، وعلى الأبدان وجوارح الجسد عملا، وقوله: (وَباطِنَةً) يقول: وباطنة في القلوب، اعتقادا ومعرفة. (جامع البيان)

(ഇബ്നു അബ്ബാസ് ﷺ പറയുന്നു: ഈ ആയത്തിലെ 'അനുഗ്രഹം' എന്നത് 'ലാ ഇലാഹ ഇല്ലല്ലാ' ആകുന്നു. 'പുറമേ' എന്നതിന്റെ വിവക്ഷ നാവുകൾ കൊണ്ടുള്ള വാക്കും, ശരീരാവയവങ്ങൾ കൊണ്ടുള്ള കർമ്മങ്ങളുമാണ്. 'അകമേ' എന്നതിന്റെ അർത്ഥം ഹൃദയം തൊട്ടുള്ള അറിവും വിശ്വാസവുമാണ്.) [ജാമിഉൽ ബയാൻ]

> **ആദ്യം വേണ്ടത് തൗഹീദാണ്. മറ്റെല്ലാം അതിനു ശേഷവും. അത് നേരെയാകാതെ ഒരു കർമ്മവും സ്വീകരിക്കപ്പെടില്ല. തൗഹീദിൽ നിന്നാണ് എല്ലാം ആരംഭിക്കേണ്ടത്. ജീവിതത്തിലുടനീളം കാത്തുസൂക്ഷിക്കേണ്ടതും, ജീവിതം കൊണ്ട് സാക്ഷാത്കരിക്കേണ്ടതും അതു തന്നെ. ഒരു നിമിഷാർദ്ധം പോലും അതിൽ നിന്നു തെന്നിപ്പോകരുത്. നിരന്തരം പഠിക്കേണ്ടതും ആവർത്തിച്ചു പറയേണ്ടതും അതാണ്. അവസാനം അതുമായിട്ടാണ് ഈ ദുനിയാവിൽ നിന്നു വേർപിരിയേണ്ടതും.**

عَنْ جابرﷺ قَالَ : سَمِعْتُ النَّبِيَّ ﷺ يَقُولُ: يُبْعَثُ كُلُّ عَبْدٍ عَلَى مَا مَاتَ عَلَيْهِ. (مسلم)

(ജാബിർ ﷺ നിവേദനം. നബി ﷺ പറയുന്നത് ഞാൻ കേട്ടു: മരണപ്പെട്ടത് ഏതവസ്ഥയിലാണോ, അതിലാണ് ഏതൊരു അടിമയും ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുക. [മുസ്‌ലിം]

അല്ലാഹു പറയുന്നു:

﴿ يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ ﴾ (آل عمران ١٠٢)

(സത്യവിശ്വാസികളേ! അല്ലാഹുവിനെ സൂക്ഷിക്കേണ്ട മുറ പ്രകാരം നിങ്ങൾ സൂക്ഷിക്കുവീൻ. മുസ്‌ലിമായിട്ടല്ലാതെ നിങ്ങൾ മരണപ്പെടാൻ ഇടവരരുതേ.) [ആലു ഇംറാൻ 102]

ഈ സൂക്തത്തിന്റെ വിവരണത്തിൽ ഇമാം ഇബ്‌നു കഥീർ ﷺ പറയുന്നു:

أَيْ: حَافِظُوا عَلَى الْإِسْلَامِ فِي حَالِ صِحَّتِكُمْ وَسَلَامَتِكُمْ لِتَمُوتُوا عَلَيْهِ، فَإِنَّ الْكَرِيمَ قَدْ أَجْرَى عَادَتَهُ بِكَرَمِهِ أَنَّهُ مَنْ عَاشَ عَلَى شَيْءٍ مَاتَ عَلَيْهِ، وَمَنْ مَاتَ عَلَى شَيْءٍ بُعث عَلَيْهِ، فَعِيَاذًا بِاللَّهِ مِنْ خِلَافِ ذَلِكَ. (تفسير ابن كثير)

(മുസ്‌ലിമായി മരിക്കണമെങ്കിൽ, നിങ്ങളുടെ ആരോഗ്യത്തിലും സുരക്ഷയിലും ഇസ്‌ലാമിനെ നിങ്ങൾ കൈവിടാതെ കാത്തു സൂക്ഷിക്കണം. ഒരാൾ ഏത് അവസ്ഥയിൽ ജീവിച്ചുവോ അതിലായിരിക്കും അയാൾ മരണപ്പെടുക. ഏതിൽ മരിക്കുന്നുവോ അതുമായി അയാൾ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുകയും ചെയ്യുന്നു. ഉദാരനായ റബ്ബ് തന്റെ ഔദാര്യത്താൽ സ്വീകരിച്ചിരിക്കുന്ന നടപടിക്രമമാകുന്നു അത്. മറ്റൊരു അവസ്ഥയിൽ മരണപ്പെടുന്നതിൽ നിന്ന് അല്ലാഹു രക്ഷിക്കട്ടെ.) [തഫ്സീർ ഇബ്‌നു കഥീർ]

> **തൗഹീദ് കൃത്യമായി പഠിച്ച്, അതനുസരിച്ച് അടിപതറാതെ ജീവിക്കുക എന്നത് വളരെ പ്രധാനമാണ്; അതുമായി ജീവിതം അവസാനിക്കുക എന്നത് വളരെ നിർണ്ണായകവും. കർമ്മങ്ങൾ വിലയിരുത്തപ്പെടുക അവയുടെ പര്യവസാനങ്ങൾ പരിഗണിച്ചുകൊണ്ടായിരിക്കും.**

നബി ﷺ പറയുന്നു:

قَالَ النَّبِيُّ ﷺ: إِنَّ الْعَبْدَ لَيَعْمَلُ فِيمَا يَرَى النَّاسُ عَمَلَ أَهْلِ الْجَنَّةِ وَإِنَّهُ لَمِنْ أَهْلِ النَّارِ، وَيَعْمَلُ فِيمَا يَرَى النَّاسُ عَمَلَ أَهْلِ النَّارِ وَهُوَ مِنْ أَهْلِ الْجَنَّةِ، وَإِنَّمَا الأَعْمَالُ بِخَوَاتِيمِهَا. (رواه البخاري عن سهل بن سعد)

(ഒരു അടിമ ജനങ്ങളുടെ കാഴ്ചയിൽ സ്വർഗ്ഗസ്ഥരുടെ കർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കും; അവനാകട്ടെ നരകാവകാശികളിൽപെട്ടവനായിരിക്കും. ഒരു അടിമ ജനങ്ങളുടെ കാഴ്ചയിൽ നരകസ്ഥരുടെ കർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കും; അവനാകട്ടെ സ്വർഗ്ഗാവകാശിയുമായിരിക്കും. കർമ്മങ്ങൾ വിലയിരുത്തപ്പെടുക അവയുടെ പര്യവസാനം പരിഗണിച്ചു കൊണ്ടു മാത്രമാണ്.) [ബുഖാരി സഹ്ൽ ബിൻ സഅ്ദിൽ നിന്നു നിവേദനം ചെയ്തത്]

ഒരു ശുഭപര്യവസാനം (الخاتمة حسن) അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹമാണ്. അമ്പിയാക്കളുടെയും സ്വാലിഹീങ്ങളുടെയും പ്രാർത്ഥന അതിനു വേണ്ടിയായിരുന്നു. ഈമാനും സൽകർമ്മങ്ങളുമായി ഈ ദുനിയാവിൽ നിന്നു വിടപറയാൻ കഴിയണം. യാത്ര തിരിക്കുമ്പോൾ കരുതിവെക്കാനുള്ള പാഥേയത്തിലെ ഏറ്റവും നല്ല വിഭവമാണ് 'ലാ ഇലാഹ ഇല്ലല്ലാ'. അതാണ് ഏറ്റവും മഹത്തായ സൽകർമ്മം. അതുമായി യാത്രതിരിക്കുന്നവൻ സുരക്ഷിതനാണ്.

അല്ലാഹു പറയുന്നു:

مَنْ جَاءَ بِالْحَسَنَةِ فَلَهُ عَشْرُ أَمْثَالِهَا وَمَنْ جَاءَ بِالسَّيِّئَةِ فَلا يُجْزَى إِلا مِثْلَهَا وَهُمْ لَا يُظْلَمُونَ. (الأنعام ١٦٠)

(ആരാണോ ഒരു നന്മയുമായി വരുന്നത്, അവന് പത്തിരട്ടി പ്രതിഫലമുണ്ട്. ആരാണോ ഒരു തിന്മയുമായി വരുന്നത്, അതിനു അത്ര തന്നെയല്ലാതെ പ്രതിഫലം നൽകപ്പെടില്ല. അവർ യാതൊരുവിധ അനീതിക്കും വിധേയരാവില്ല. [അൻആം 160]

മേൽ സൂക്തത്തെ സലഫുകൾ വ്യാഖ്യാനിച്ചത് നോക്കൂ.

وَقَالَ ابْنُ مَسْعُودٍ: (مَنْ جَاءَ بِالْحَسَنَةِ فَلَهُ عَشْرُ أَمْثَالِهَا) مَنْ جَاءَ بِـ"لَا إِلَهَ إِلَّا اللَّهُ"،(وَمَنْ جَاءَ بِالسَّيِّئَةِ) يَقُولُ: بِالشِّرْكِ، وَهَكَذَا وَرَدَ عَنْ جَمَاعَةٍ مِنَ السَّلَفِ. (تفسير ابن كثير)

(ഇബ്നു മസ്ഊദ് ﷺ പറയുന്നു: 'ആരാണോ ഒരു നന്മയുമായി വരുന്നത്...' എന്നതിന്റെ വിവക്ഷ, ആരാണോ 'ലാ ഇലാഹ ഇല്ലല്ലാ'യുമായി വരുന്നത് എന്നാകുന്നു. 'ആരാണോ ഒരു തിന്മയുമായി വരുന്നത്' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, ശിർക്കുമായി വരുന്നത് എന്നുമാകുന്നു. ഈ വ്യാഖ്യാനം ഒരു പറ്റം സലഫുകളിൽനിന്ന് ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.) [തഫ്സീർ ഇബ്നു കഥീർ]

മേൽപറഞ്ഞ വ്യാഖ്യാനത്തിനു നിദാനം താഴെ പറയുന്ന ഹദീസാണ്:

عَنْ أَبِي ذر ﷺ قَالَ: قُلْتُ يَا رَسُولَ اللَّهِ، أَوْصِنِي، قَالَ: إِذَا عَمِلْتَ سَيِّئَةً فَأَتْبِعْهَا حَسَنَةً تَمْحُهَا، قَالَ: قُلْتُ يَا رَسُولَ اللَّهِ، أَمِنَ الْحَسَنَاتِ لَا إِلَهَ إِلَّا اللَّهُ؟ قَالَ: هِيَ أَفْضَلُ الْحَسَنَاتِ. (رواه أحمد وصححه الألباني)

അബൂദർ ﷺ നിവേദനം. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, എനിക്കൊരു വസ്വിയ്യത്തു നൽകിയാലും.

അവിടുന്ന് പറഞ്ഞു: നീ ഒരു തിന്മ ചെയ്തുപോയാൽ തൊട്ടുടനെ ഒരു നന്മ ചെയ്യുക, അത് തിന്മയെ മായ്ച്ചു കളയും. ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ആ നന്മകളിൽപ്പെടുമോ 'ലാ ഇലാഹ ഇല്ലല്ലാ? അവിടുന്ന് പറഞ്ഞു: അതാകുന്നു നന്മകളിൽ ഏറ്റവും ശ്രേഷ്ഠമായത്.) [അഹ്മദ്]

ഗുണപര്യവസായിയായ സൽകർമ്മങ്ങളിൽ അതിനെക്കാൾ ശ്രേഷ്ഠം മറ്റെന്തുണ്ട്!

عَنْ مُعَاذِ بْنِ جَبَلٍ قَالَ: قَالَ رَسُولُ اللَّهِ ﷺ: مَنْ كَانَ آخِرُ كَلَامِهِ لَا إِلَهَ إِلَّا اللَّهُ دَخَلَ الْجَنَّةَ. (رَوَاهُ أَبُو دَاوُد وصححه الألباني)

(മുആദ് ബിൻ ജബൽ ﷺ നിവേദനം. അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നു: ആരുടെ അവസാനവാക്ക് 'ലാ ഇലാഹ ഇല്ലല്ലാ' ആണോ, അവൻ സ്വർഗ്ഗത്തിൽ പ്രവശിച്ചതു തന്നെ.) [അബൂദാവൂദ്]

മേൽ ഹദീസിന്റെ മറ്റൊരു പാഠഭേദം ഇബ്‌ന ഹിബ്ബാൻ ﵀ ഉദ്ധരിക്കുന്നത് കാണുക:

عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللَّهِ ﷺ: لَقِّنُوا مَوْتَاكُمْ لَا إِلَهَ إِلَّا اللَّهُ فَإِنَّهُ مَنْ كَانَ آخِرُ كَلِمَتِهِ لَا إِلَهَ إِلَّا اللَّهُ عِنْدَ الْمَوْتِ دَخَلَ الْجَنَّةَ يَوْمًا مِنَ الدَّهْرِ وإن أصابه قبل ذلك ما أصابه. (صحيح ابن حبان، وحسنه الألباني)

അബൂഹുറെയ്റഃ ﷺ നിവേദനം. അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നു: നിങ്ങളിൽനിന്നും മരണം ആസന്നമായവർക്ക് 'ലാ ഇലാഹ ഇല്ലല്ലാ' ചൊല്ലിക്കൊടുക്കുക. കാര്യം, മരണ സമയത്ത് ആരുടെ അവസാന വാക്ക് 'ലാ ഇലാഹ ഇല്ലല്ലാ' ആണോ അവൻ ഏതെങ്കിലും ഒരു നാളിൽ സ്വർഗ്ഗത്തിൽ പ്രവേശിക്കുക തന്നെ ചെയ്യും — അതിനു മുമ്പ് അവനു

ബാധിച്ചതെല്ലാം അവൻ അനുഭവിക്കേണ്ടി വന്നാലും.) [ഇബ്നു ഹിബ്ബാൻ]

ഇബ്നുൽ ഖയ്യിം ﷺ പറയുന്നു:

فَالتَّوْحِيدُ أَوَّلُ مَا يَدْخُلُ بِهِ فِي الْإِسْلَامِ، وَآخِرُ مَا يَخْرُجُ بِهِ مِنَ الدُّنْيَا، كَمَا قَالَ النَّبِيُّ ﷺ: مَنْ كَانَ آخِرُ كَلَامِهِ لَا إِلَهَ إِلَّا اللَّهُ؛ دَخَلَ الْجَنَّةَ، فَهُوَ أَوَّلُ وَاجِبٍ، وَآخِرُ وَاجِبٍ، فَالتَّوْحِيدُ أَوَّلُ الْأَمْرِ وَآخِرُهُ. (مدارج السالكين)

(തൗഹീദ്, അതാണ് ഇസ്ലാമിലേക്ക് കടന്നുവരാനുള്ള പ്രാഥമിക കാര്യം; ദുനിയാവിൽ നിന്ന് അവസാനമായി വിട പറയേണ്ടതും അതുമായി തന്നെ. നബി ﷺ പറഞ്ഞതനുസരിച്ച്, ആരുടെ അവസാനവാക്ക് 'ലാ ഇലാഹ ഇല്ലല്ലാ' ആണോ, അവൻ സ്വർഗത്തിൽ പ്രവശിച്ചതുതന്നെ. അതാണ് ആദ്യത്തെ കടമ; അവസാനത്തെയും. അപ്പോൾ തൗഹീദാണ് ഒന്നാമത്തെ കാര്യം, അതുതന്നെയാണ് അവസാനത്തെ കാര്യവും.) [മദാരിജുസ്സാലികീൻ]

> **'അവസാനവാക്ക് ' എന്നത് നാവിൽനിന്നു വീഴുന്ന അവസാന ശബ്ദം എന്ന അർത്ഥത്തിലല്ല; ലക്ഷണമൊത്ത ഒരു നിലപാടാണത്. നിബന്ധനകൾ പൂർത്തീകരിച്ച കർമ്മമാണ്. ഒരു ആയുഷ്കാലത്തിന്റെ സർവ്വസാരാംശമാണ്.**
>
> **ഈ യാഥാർത്ഥ്യത്തിലേക്കാണ് ഇമാം ബുഖാരി ﷺ യുടെ വാക്കുകൾ വെളിച്ചം വീശുന്നത്.**

بَابُ مَا جَاءَ فِي الْجَنَائِزِ، وَمَنْ كَانَ آخِرُ كَلَامِهِ لاَ إِلَهَ إِلَّا اللَّهُ، وَقِيلَ لِوَهْبِ بْنِ مُنَبِّهٍ: أَلَيْسَ لاَ إِلَهَ إِلَّا اللَّهُ مِفْتَاحُ الجَنَّةِ؟ قَالَ: بَلَى، وَلَكِنْ لَيْسَ مِفْتَاحٌ إِلَّا لَهُ

أَسْنَانٌ، فَإِنْ جِئْتَ بِمِفْتَاحٍ لَهُ أَسْنَانٌ فُتِحَ لَكَ، وَإِلَّا لَمْ يُفْتَحْ لَكَ. (صحيح البخاري)

(മയ്യിത്ത് സംസ്കരണത്തെക്കുറിച്ചും ഒരാളുടെ അവസാന വാക്ക് 'ലാ ഇലാഹ ഇല്ലല്ലാ' ആയിത്തീരുന്നതിനെ കുറിച്ചുമുള്ള അദ്ധ്യായം. വഹബ് ബ്ൻ മുനബ്ബിഹ് ചോദിക്കപ്പെട്ടു: 'ലാ ഇലാഹ ഇല്ലല്ലാ' അല്ലേ സ്വർഗത്തിന്റെ താക്കോൽ? അദ്ദേഹം പ്രതിവചിച്ചു: അതെ, പക്ഷെ പല്ലുകളില്ലാത്ത ഒരു താക്കോലുമില്ല, അതിനാൽ പല്ലുകളോടു കൂടിയ താക്കോലുമായി വന്നാൽ നിനക്കു തുറന്നുകിട്ടും. അല്ലാത്ത പക്ഷം തുറന്നുകിട്ടുകയുമില്ല.) [(ബുഖാരി]

സ്വർഗത്തിന്റെ താക്കോലാണ് 'ലാ ഇലാഹ ഇല്ലല്ലാ'. ആ താക്കോലിന് ഏഴു പല്ലുകളുണ്ട്. അവയിൽ ഏതെങ്കിലുമൊന്നിന് വല്ല ന്യൂനതയും സംഭവിച്ചാൽ സ്വർഗ്ഗം തുറക്കാനാവില്ല. അവയാണ് 'ലാ ഇലാഹ ഇല്ലല്ലാ'യുടെ നിബന്ധനകൾ.

# شروط لا إله إلا الله

# 'ലാ ഇലാഹ ഇല്ലല്ലാ'യുടെ നിബന്ധനകൾ

1. **അറിവ്** (العلم بمعناها نفيا و إثباتا المنافي للجهل) :
കലിമഃയുടെ അർത്ഥം - അത് താൽപര്യപ്പെടുന്ന കാര്യങ്ങളെ കുറിച്ചുള്ള അജ്ഞതയെ തീർത്തും നിരാകരിക്കുന്ന വിധത്തിൽ - അറിയുക.

2. **യഖീൻ** (اليقين المنافي للشك والريب) :
സ്വന്തമായുണ്ടാകുന്ന സംശയങ്ങൾക്കോ മറ്റുള്ളവരുണ്ടാക്കുന്ന സന്ദേഹങ്ങൾക്കോ യാതൊരു ഇടവും നൽകാത്തതും, ഒന്നിനുമേ ഇളക്കാൻ കഴിയാത്തതുമായ ദൃഢബോധ്യം കൈവരിക്കുക.

3. **ഇഖ്ലാസ്** (الإخلاص المنافي للشرك) :
ശിർക്കിന്റെ എല്ലാ രൂപഭാവങ്ങളെയും തീർത്തും നിരാകരിക്കുകയും ഇബാദത്ത് അല്ലാഹുവിന്ന് മാത്രമാക്കിത്തീർക്കുകയും ചെയ്യുക.

4. **സത്യസന്ധത** (الصدق المنافي للكذب المانع من النفاق) :
എല്ലാത്തരം കള്ളങ്ങളെയും കാപട്യങ്ങളെയും നിരാകരിക്കുന്ന സത്യസന്ധത പുലർത്തുക.

5. **പരമമായ സ്നേഹം** (المحبة المنافي للبغض والكره) :
കലിമഃയോടും അത് താൽപര്യപ്പെടുന്ന കാര്യങ്ങളോടും യാതൊരുവിധ വെറുപ്പും വിദ്വേഷവും അവശേഷിക്കാത്ത, കലവറയില്ലാത്ത സ്നേഹം.

**6. ആജ്ഞാനുവർത്തനം** (الانقياد المنافي للترك) :
കലിമഃയോടുള്ള കടമകളിലും അതിനോടനുബന്ധിച്ചുള്ള നിർബ്ബന്ധമായ കർമ്മങ്ങളിലും യാതൊരു ഉപേക്ഷയും വരുത്താതെ പൂർണ്ണമായി കീഴ്പ്പെടുക.

**7. സ്വീകാരം** (القبول المنافي للرد) :
കലിമഃയെ ഹൃദയം കൊണ്ടും നാവുകൊണ്ടും സ്വീകരിക്കണം. തൗഹീദിനെ, അല്ലാഹുവിന്റെ വിധിയെ, അവന്റെ റസൂലിന്റെ വിധിയെ പൂർണ്ണമനസ്സോടെ സ്വീകരിക്കുകയും തൃപ്തിപ്പെടുകയും വേണം; തള്ളിക്കളയരുത്.

ഈ നിബന്ധനകൾ പൂർത്തീകരിച്ചുകൊണ്ട് ഉരുവിടുമ്പോൾ മാത്രമാണ് 'ലാ ഇലാഹ ഇല്ലല്ലാ' എന്ന കലിമഃ സാക്ഷാൽക്കരിക്കപ്പെടുന്നത്. ഈ നിബന്ധനകൾ ഒരു മുവഹ്ഹിദിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നത് ഹാഫിളുൽ ഹകമി ﵀ വിശദീകരിക്കുന്നതു കൂടി ചേർത്തു വായിക്കാം:

وَمَعْنَى اسْتِكْمَالِهَا اجْتِمَاعُهَا فِي الْعَبْدِ وَالْتِزَامُهُ إِيَّاهَا بِدُونِ مُنَاقَضَةٍ مِنْهُ لِشَيْءٍ مِنْهَا، وَلَيْسَ الْمُرَادُ مِنْ ذَلِكَ عَدَّ أَلْفَاظِهَا وَحِفْظَهَا، فَكَمْ مِنْ عَامِّيٍّ اجْتَمَعَتْ فِيهِ وَالْتَزَمَهَا، وَلَوْ قِيلَ لَهُ: أُعْدُدْهَا لَمْ يُحْسِنْ ذَلِكَ، وَكَمْ حَافِظٍ لِأَلْفَاظِهَا يَجْرِي فِيهَا كَالسَّهْمِ وَتَرَاهُ يَقَعُ كَثِيرًا فِيمَا يُنَاقِضُهَا، وَالتَّوْفِيقُ بِيَدِ اللَّهِ، وَاللَّهُ الْمُسْتَعَانُ.

(معارج القبول)

(ഈ നിബന്ധനകൾ പൂർത്തീകരിക്കുക എന്നതിന്റെ അർത്ഥം, അവയെല്ലാം ഒരു അടിമയിൽ ഒരുമിക്കുകയും, അതിലൊന്നിനെയും റദ്ദുചെയ്യാത്ത വിധം അവയെ പരിപാലിക്കുകയും ചെയ്യുക എന്നതാണ്. അവയുടെ പദങ്ങൾ എണ്ണിക്കണക്കാക്കുകയും മനഃപാഠമാക്കുകയുമല്ല അതുകൊണ്ടുദ്ദേശ്യം. എത്രയോ സാധാരണക്കാരുണ്ട് അവരിൽ അവ സമന്വയിക്കുകയും അവയെ അവർ

കൃത്യമായി പരിപാലിച്ചു പോരുകയും ചെയ്യുന്നു. അതിന്റെ പദങ്ങൾ എണ്ണിപ്പറഞ്ഞുതരൂ എന്ന് അവരോട് ആവശ്യപ്പെട്ടാൽ കഴിഞ്ഞുകൊള്ളണമെന്നില്ല. അതേ സമയം അവ മന:പാഠമാക്കി ശരവേഗത്തിൽ പറയാൻ കഴിയുന്ന എത്രയോ ആളുകളുണ്ട്, അവർ ആ നിബന്ധനകളെ റദ്ദ് ചെയ്യുന്ന കാര്യങ്ങളിൽ ചെന്നുവീഴു ന്നത് ധാരാളമായി കാണാം. ഉതവി അല്ലാഹുവിന്റെ കൈയി ലാണ്. അവനാണ് സഹായിക്കാൻ തരപ്പെട്ടവൻ!) [മആരിജുൽ ഖബൂൽ]

ഈ നിബന്ധനകൾ സച്ചരിതരായ നമ്മുടെ മുൻഗാമികൾ വളരെ പ്രാധാന്യത്തോടെ പഠിക്കുകയും പഠിപ്പിക്കുകയും വസ്വിയ്യത്ത് നൽകിപ്പോരുകയും ചെയ്തിരുന്നു.

وَقَالَ الْحَسَنُ لِلْفَرَزْدَقِ وَهُوَ يَدْفِنُ امْرَأَتَهُ: مَا أَعْدَدْتَ لِهَذَا الْيَوْمِ؟ قَالَ: شَهَادَةَ أَنْ لَا إِلَهَ إِلَّا اللَّهُ مُنْذُ سَبْعِينَ سَنَةً، قَالَ الْحَسَنُ: نِعْمَ العدة! لكن لشهادة أن لا إِلَهَ إِلَّا اللَّهُ شُرُوطًا، فَإِيَّاكَ وَقَذْفَ الْمُحْصَنَاتِ. (تحقيق كلمة الإخلاص)

(തന്റെ ഭാര്യയെ മറവുചെയ്തുകൊണ്ടിരിക്കുന്ന ഫറസ്ദഖിനോട് ഹസനൽ ബസ്വരി ﵀ ചോദിച്ചു: ഇങ്ങനെയൊരു ദിവസത്തിനായി എന്താണ് താങ്കൾ ഒരുക്കിവെച്ചിട്ടുള്ളത്? അദ്ദേഹം പറഞ്ഞു: 'ലാ ഇലാഹ ഇല്ലല്ലാ' എന്ന സത്യസാക്ഷ്യം; എഴുപത് വർഷക്കാലമായി ഞാനത് ഒരുക്കിവെച്ചിട്ടുണ്ട്. ഹസൻ പറഞ്ഞു: എത്ര നല്ല മുന്നൊരുക്കം! പക്ഷെ, 'ലാ ഇലാഹ ഇല്ലല്ലാ' എന്ന സത്യസാക്ഷ്യത്തിന്ന് പൂർത്തീകരിക്കപ്പെടേണ്ട ശുറൂത്വുകളില്ലേ! പതിവ്രതകളെക്കുറിച്ച് അപരാധം പറയുന്നത് താങ്കൾ സൂക്ഷിച്ചേ തീരൂ.) [തഹ്ഖീഖു കലിമതിൽ ഇഖ്ലാസ്]

പതിവ്രതകളെ കുറിച്ച് അപരാധം പറയുക എന്നത് നബി ﷺ എണ്ണിപ്പറഞ്ഞ ഏഴു വൻപാപങ്ങളിൽ ഒന്നാണ്. അത് ആറാമത്തെ നിബന്ധനയായ ആജ്ഞാനുവർത്തന ത്തിന് ലംഘനമായി തീരുമെന്നാണ് ഹസനുൽ ബസ്‌രി‎ﷺ അതിലൂടെ സൂചിപ്പിക്കുന്നത്.

وَقِيلَ لِلْحَسَنِ: إِنَّ نَاسًا يَقُولُونَ مَنْ قَالَ لَا إِلَهَ إِلَّا اللَّهُ دَخَلَ الْجَنَّةَ، فَقَالَ: مَنْ قَالَ لَا إِلَهَ إِلَّا اللَّهُ فَأَدَّى حَقَّهَا وَفَرْضَهَا دَخَلَ الْجَنَّةَ. (تحقيق كلمة الإخلاص)

(ഹസനുൽ ബസ്‌രി ؒ ചോദിക്കപ്പെട്ടു: 'ലാ ഇലാഹ ഇല്ലല്ലാ' ഉച്ചരിച്ചവൻ സ്വർഗത്തിൽ പ്രവേശിക്കും എന്ന് ചിലയാളു കൾ പറയുന്നുണ്ടല്ലോ? അദ്ദേഹം പറഞ്ഞു: 'ലാ ഇലാഹ ഇല്ലല്ലാ' ഉച്ചരിക്കുകയും, എന്നിട്ട് അതിന്റെ അവകാശങ്ങളും കടമകളും നിറവേറ്റുകയും ചെയ്തവൻ സ്വർഗ്ഗത്തിൽ പ്രവേ ശിക്കും.) [തഹ്ഖീഖു കലിമതിൽ ഇഖ്‌ലാസ്]

# أركان لا إله إلا لله
# 'ലാ ഇലാഹ ഇല്ലല്ലാ'യുടെ സ്തംഭങ്ങൾ

**കലിമഃക്ക് രണ്ട് റുക്നുകളാണുള്ളത് : النفي والإثبات**

1. **'ലാ ഇലാഹ'** (لا إله: نافيا جميع ما يعبد من دون الله)
   അത് അല്ലാഹുവിനു പുറമെ ആരാധിക്കപ്പെടുന്ന മുഴുവൻ ത്വാഗൂത്തുകളെയും നിരാകരിക്കുന്നു.

2. **'ഇല്ലല്ലാ'** (إلا الله: مثبتا العبادة لله وحده لا شريك له)
   അല്ലാഹുവിനുമാത്രം ആരാധനയെ സ്ഥിരീകരിക്കുന്നു. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണെന്ന് സ്ഥാപിക്കുന്നു.

ആരാധന മുഴുവൻ അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാണ്. അത് നിറവേറ്റൽ അടിയരുടെ കടമയും. അല്ലാഹുവിനെ ആരാധിക്കാത്തവൻ അഹങ്കാരിയും അവിശ്വാസിയുമാണ്. അല്ലാഹുവിന്റെ കൂടെ ആരാധനയിൽ മറ്റാരെയെങ്കിലും പങ്കുചേർക്കുന്നവൻ മുശ്രിക്കും കാഫിറുമാണ്. അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവനാണ് സത്യസാക്ഷ്യം അംഗീകരിച്ചു ജീവിക്കുന്ന വിശ്വാസി.

# അഞ്ചു കലിമകൾ

രോഗിയാകും മുമ്പേ ആരോഗ്യത്തെയും, മരണമെത്തും മുമ്പേ ജീവിതത്തെയും നേട്ടമാക്കിത്തീർക്കണമെന്ന് നബിﷺ ഉണർത്തുകയുണ്ടായി. നശ്വരമായ ഈ ദുനിയാവിൽ ക്ഷണികമായ ആയുസ്സിന് അവധിയെത്തും മുമ്പ് ചില വിഭവങ്ങൾ നാം സമാഹരിച്ചേ മതിയാകൂ. അത്തരം മഹത്തായ ചില വചന വിഭവങ്ങൾ കരസ്ഥമാക്കുന്നതിനെ കുറിച്ചും, അവ പഠിച്ച് മരണവേളയിൽ ഉരുവിടുന്നതിനെ കുറിച്ചും നബിﷺ പ്രത്യേകം വസ്വിയ്യത്ത് ചെയ്തിരിക്കുന്നു. ആ സദ്വചനങ്ങളെ കുറിച്ച് നാം അൽപ്പം ആഴത്തിൽ പഠിക്കുക. എല്ലാം വിട്ടു പിരിയുമ്പോൾ, ഏവരും വിടപറയുമ്പോൾ അവയെങ്കിലും നമുക്ക് ഉപകരിക്കുമെന്ന് പ്രത്യാശിക്കാമല്ലോ. അവിടുന്ന് ചൊല്ലിപ്പഠിപ്പിച്ച വചനങ്ങൾ ഇപ്രകാമാണ്:

لاَ إِلَهَ إِلاَّ اللَّهُ وَاللَّهُ أَكْبَرُ

لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ

لاَ إِلَهَ إِلاَّ اللَّهُ لاَ شَرِيكَ لَهُ

لاَ إِلَهَ إِلاَّ اللَّهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ

لاَ إِلَهَ إِلاَّ اللَّهُ، وَلاَ حَوْلَ وَلاَ قُوَّةَ إِلاَّ بِاللَّهِ

ഈ അഞ്ചു കലിമകളിലും ഒരേ പോലെ ആവർത്തിച്ചു വന്നിട്ടുള്ളത് لا إله إلا الله ആണല്ലോ, അതാകട്ടെ വിവരിച്ചാൽ തീരാത്ത, ആശയസമ്പന്നമായ ഒരു മഹാ സാഗരമാണ്.

ഇബ്നു തൈമിയ്യഃ ﷺ പറയുന്നു:

وَفَضَائِلُ هَذِهِ الْكَلِمَةِ وَحَقَائِقُهَا وَمَوْقِعُهَا مِنْ الدِّينِ فَوْقَ مَا يَصِفُهُ الْوَاصِفُونَ وَيَعْرِفُهُ الْعَارِفُونَ؛ وَهِيَ حَقِيقَةُ الْأَمْرِ كُلِّهِ. (مجموع الفتاوى)

(ഈ വചനത്തിന്റെ മികവ്, അതുൾക്കൊള്ളുന്ന യാഥാർത്ഥ്യങ്ങൾ, ദീനിൽ അതിനുള്ള സ്ഥാനം എന്നിവയൊക്കെ വർണ്ണിക്കുന്നവരുടെയെല്ലാം വർണ്ണനകൾക്ക് അതീതമാണ്; ജ്ഞാനികളുടെയെല്ലാം അറിവിനും മീതെയാണ്. അത് മുഴുകാര്യങ്ങളുടെയും യാഥാർത്ഥ്യമാണ്.) [മജ്മൂഉൽ ഫതാവാ]

## 'ലാ ഇലാഹ ഇല്ലല്ലാ'യുടെ അർത്ഥം

لا معبود بحق إلا الله

'ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി അല്ലാഹു വല്ലാതെ ആരുമില്ല' എന്നാണ് അതിന്റെ അർത്ഥം.

അല്ലാഹു പറയുന്നു:

ذَٰلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِنْ دُونِهِ هُوَ الْبَاطِلُ (الحج : ٦٢)

(അതെന്തെന്നു വെച്ചാൽ, അല്ലാഹുവാണ് ന്യായമായും ആരാധനക്ക് അർഹതപ്പെട്ടവൻ. അവനു പുറമെ അവർ ആരാധിക്കുന്നവയൊക്കെയും വ്യാജമാണ്. അല്ലാഹു തന്നെയാണ് ഉന്നതനും മഹാനുമായിട്ടുള്ളവൻ.) [ഹജ്ജ് 62]

അല്ലാഹു മാത്രമാണ് സർവ്വലോകങ്ങളുടെയും സ്രഷ്ടാവും നിയന്താവും. അവൻ മാത്രമാണ് ന്യായമായും ആരാധനക്ക് അർഹൻ. അവനല്ലാത്ത മറ്റാർക്കെങ്കിലും ആരാധനയിൽ നിന്ന് എന്തെങ്കിലും നൽകിയാൽ അത് ഏറ്റവും കൊടിയ അന്യായവും അക്രമവുമാണ്. അല്ലാഹു ഏകനും അദ്വിതീയനുമാണ്. അവന്റെ സത്ത അവനുമാത്രം

അവകാശപ്പെട്ടതാണ്. അത് അന്യൂനവും പരിപൂർണ്ണവും അതിമനോഹരവുമാണ്. അവന്റെ നാമങ്ങളും ഗുണവിശേഷങ്ങളും അവനുമാത്രം അവകാശപ്പെട്ടതാണ്. അവ അന്യൂനവും പരിപൂർണ്ണവും അതിമനോഹരവുമാണ്. അവന്റെ പ്രവർത്തികൾ പൂർണ്ണവും ഭദ്രവും സുന്ദരവുമാണ്. അവനു തുല്യനായി മറ്റാരുമില്ല. അവന്റെ കാര്യങ്ങളിൽ പങ്ക് അവകാശപ്പെടാവുന്നവനോ, അവനു സഹായിയായി വർത്തിക്കുന്നവനോ, അവന്റെയടുക്കൽ അനുവാദമില്ലാതെ ശിപാർശ പറയാൻ സ്വാധീനമുള്ളവനോ ആയി പോലും ആരുമില്ല.

## 1. അഞ്ചു കലിമകളിൽ ഒന്നാമത്തേത്

മുകളിൽ പറഞ്ഞ അഞ്ചു കലിമകളിൽ ആദ്യത്തേത് എടുക്കാം. لا إله إلاّ الله واللهُ أَكْبَرُ എന്നതാണല്ലോ അത്. അതിൽ 'ലാ ഇലാഹ ഇല്ലല്ലാ'യുടെ കൂടെ തക്ബീർ ചേർത്താണ് പറഞ്ഞിരിക്കുന്നത്.

لاَ إِلَهَ إِلاَّ اللَّهُ ، وَاللَّهُ أَكْبَرُ

'അല്ലാഹു അക്ബർ' അല്ലാഹുവാണ് ഏറ്റവും വലിയവൻ. അല്ലാഹുവിനെ കുറിച്ച് ഒറ്റവാക്കിലുള്ള മഹത്തായ വർണ്ണന. അവന്റെ മഹത്വവും വലിപ്പവും പെരുമയും ഗരിമയും വർണ്ണിക്കുന്ന ബൃഹത്തായ വാക്ക്. അവന്റെ കൽപ്പനാവിലക്കുകളെ മാനിക്കുന്നുവെന്ന അതിമഹത്തായ പ്രഖ്യാപനം. അല്ലാഹുവിന്റെ മഹത്വം അവന്റെ ഏകത്വത്തിലാണ്. അവന്റെ മഹത്വം വാഴ്ത്തുക എന്നതിന്റെ അർത്ഥം അവന്റെ ഏകത്വം ഉയർത്തിപ്പിടിക്കുക എന്നു തന്നെയാണ്.

അല്ലഹു പറയുന്നു:

وَرَبَّكَ فَكَبِّرْ (المدثر ٣)

(നിന്റെ റബ്ബിനെ നീ മഹത്വപ്പെടുത്തുക.) [മുദ്ദസ്സിർ 3]

മേൽ സൂക്തത്തിനു സലഫുകൾ നൽകിയ വ്യാഖ്യാനം ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബിൻ അബ്ദുൽ വഹാബ് ﷺ സംഗ്രഹിച്ചത് ഇപ്രകാരം വായിക്കാം:

(وَرَبَّكَ فَكَبِّرْ) عظِّمه بالتوحيد (ثلاثة الأصول)

('നിന്റെ റബ്ബിനെ നീ മഹത്വപ്പെടുത്തുക' അഥവാ തൗഹീദ് കൊണ്ട് അവനെ നീ മഹത്വപ്പെടുത്തുക.)

അല്ലഹു പറയുന്നു:

وَقُلِ الْحَمْدُ لِلَّهِ الَّذِي لَمْ يَتَّخِذْ وَلَدًا وَلَمْ يَكُن لَّهُ شَرِيكٌ فِي الْمُلْكِ وَلَمْ يَكُن لَّهُ وَلِيٌّ مِّنَ الذُّلِّ وَكَبِّرْهُ تَكْبِيرًا (الإسراء ١١١)

(പറയുക: ഒരു സന്താനത്തെയും സ്വീകരിച്ചിട്ടില്ലാത്ത, ആധിപത്യത്തിൽ ഒരു പങ്കാളിയുമില്ലാത്ത, നിന്ദ്യതയിൽനിന്ന് മോചിപ്പിക്കാൻ ഒരു രക്ഷകനെയും ആവശ്യമില്ലാത്ത അല്ലാഹുവിന്നാകുന്നു സർവ്വ സ്തുതിയും. അവനെ നീ ശരിയാം വണ്ണം മഹത്വപ്പെടുത്തുക.) [ഇസ്റാഅ് 111]

ഈ സൂക്തത്തിലെ 'وكبره تكبيرا' (അവനെ നീ ശരിയാംവണ്ണം മഹത്വപ്പെടുത്തുക) എന്നവാക്കിനെ വിവരിച്ചുകൊണ്ട് ഇമാം ഇബ്നു ജരീർ ﷺ പറയുന്നു:

وعظم ربك يا محمد بما أمرناك أن تعظمه به من قول وفعل، وأطعه فيما أمرك ونهاك. (جامع البيان)

(മുഹമ്മദേ! ഏതെല്ലാം വാക്കുകളും പ്രവർത്തികളും കൊണ്ട് മഹത്വപ്പെടുത്താൻ നാം കൽപ്പിച്ചുവോ, അവ കൊണ്ട് നിന്റെ റബ്ബിനെ മഹത്വപ്പെടുത്തുക, കൽപ്പനാ വിലക്കുകളിൽ അവനെ നീ അനുസരിക്കുകയും ചെയ്യുക.) [ജാമിഉൽ ബയാൻ]

ശൈഖ് മുഹമ്മദുൽ അമീൻ അശ്ശൻഖീത്വി ﷺ പറയുന്നു:

أي: عظمه تعظيمًا شديدًا، ويظهر تعظيم الله في شدة المحافظة على امتثال أمره واجتناب نهيه والمسارعة إلى كل ما يرضيه. (أضواء البيان)

(അതായത്, അവനെ നീ നല്ലവണ്ണം മഹത്വപ്പെടുത്തണം. അവന്റെ കൽപ്പനകൾ അനുസരിക്കുന്നതും, വിലക്കുകൾ മാനിക്കുന്നതും, അവനെ പ്രീതിപ്പെടുത്തുന്ന കാര്യങ്ങളിൽ മുന്നേറുന്നതും എത്രത്തോളം ശക്തമാണോ അതിനനുസരിച്ചാണ് അല്ലാഹുവിനുള്ള മഹത്വം പ്രകാശിതമായിത്തീരുന്നത്.) [അദ്വാഉൽ ബയാൻ]

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ ﵀ പറയുന്നു:

فكلما قال العبد الله أكبر؛ تحقق قلبه بأن يكون الله في قلبه أكبر من كل شيء، فلا يبقى لمخلوق على القلب ربّانية تساوي ربّانية الرب، فضلاً عن أن تكون مثلها. (قاعدة حسنة في الباقيات الصالحات)

(ഒരു അടിമ 'അല്ലാഹു അക്ബർ' എന്നു പറയുമ്പോഴെല്ലാം അല്ലാഹുവാണ് തന്റെ ഹൃദയത്തിൽ മറ്റെന്തിനെക്കാളും വലുതെന്ന യാഥാർത്ഥ്യം അവന്റെ മനസ്സിൽ സാക്ഷാത്ക്കരിക്കപ്പെടുന്നു. അപ്പോൾ അവന്റെ ഹൃദയത്തിൽ റബ്ബിന്റെ റബ്ബാനിയ്യത്തിനോട് തത്തുല്യമായതു പോയിട്ട്, അതിന് അടുത്തു നിൽക്കുന്നതായി പോലും ഒരു പടപ്പിന്റെ റബ്ബാനിയ്യത്തും ഉണ്ടാവില്ല.) [ഖാഇദഃ ഹസനഃ ഫിൽ ബാഖിയാത്തിസ്വാലിഹാത്ത്]

സൃഷ്ടിപ്പും നിയന്ത്രണവും പരിപാലനവും സംരക്ഷണവും തുടങ്ങി രക്ഷാകർതൃത്വവുമായി ബന്ധപ്പെട്ട മുഴുവൻ വിശേഷണങ്ങളുടെയും സമന്വയമാണ് റബ്ബാനിയ്യത്ത്. കാരുണ്യമാണ് അവന്റെ രക്ഷാകർതൃത്വത്തിന്റെ കാതൽ. രക്ഷാകർത്തൃത്വത്തിന്റെ അടിസ്ഥാനം കാരുണ്യമാണെന്നത് ഖുർആനിൽ അടിവരയിട്ട വസ്തുതയാണ്. അല്ലാഹു തന്നെ തന്റെ റബ്ബാനിയ്യത്തിനെ കുറിച്ച് വിവരിക്കുന്നത് കാണുക:

وَرَبُّنَا الرَّحْمَٰنُ الْمُسْتَعَانُ عَلَىٰ مَا تَصِفُونَ (الأنبياء ١١٢)

(റഹ്മാനായ നമ്മുടെ റബ്ബാണ് നിങ്ങൾ പറഞ്ഞുണ്ടാക്കുന്ന തിനെതിരിൽ സഹായം തേടാൻ തരപ്പെട്ടവൻ.) [അൻബി യാഅ് 112]

കൂടാതെ, മാതാപിതാക്കൾക്കു വേണ്ടിയുള്ള പ്രാർത്ഥനയിൽ പോലും ഇക്കാര്യം സുതരാം വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

وَقُل رَّبِّ ارْحَمْهُمَا كَمَا رَبَّيَانِي صَغِيرًا (الإسراء ٢٤)

(എൻറെ റബ്ബേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയത് പോലെ ഇവരോട് നീ കരുണ കാണി ക്കണമേ എന്ന് നീ പറയുകയും ചെയ്യുക.) [ഇസ്റാഅ് 24]

റബ്ബായ അല്ലാഹുവിനു മാത്രമേ റബ്ബാനിയ്യത്തുള്ളൂ. അതു കൊണ്ട് അവനെ മാത്രം റബ്ബായി തൃപ്തിപ്പെടുകയും അവനു മാത്രം റബ്ബാനിയ്യത്ത് വകവെച്ചു കൊടുക്കുകയും, അവന്റെ നിയമനിർദ്ദേശങ്ങൾ പാലിക്കുകയും, അവനോടുള്ള ഉബൂദി യ്യത്ത് സാക്ഷാൽക്കരിക്കുകയും ചെയ്യേണ്ടവരാണ് അവന്റെ ദാസന്മാർ. അവനല്ലാത്ത ആർക്കും റബ്ബാനിയ്യത്ത് വകവെച്ചു കൊടുക്കരുത്. ഏകനായ റബ്ബിനെയല്ലാതെ മറ്റാരെയും ആരാധിക്കരുത്.

'അല്ലാഹു അക്ബർ' എന്ന കലിമയുടെ അർത്ഥം ശരിയാംവണ്ണം മനസ്സിലാക്കിയ ഒരു അടിയന് അത് ഉരുവി ടാൻ ലഭിക്കുന്ന തൗഫീഖിന്റെ വില ബോധ്യമാകും.

قال عمر بن الخطاب ﷺ: قول العبد الله أكبر، خير من الدنيا وما فيها. (تفسير القرطبي)

(ഉമർ ﷺ പറയുന്നു: ഒരു അടിമ 'അല്ലാഹു അക്ബർ' എന്നു ഉരുവിടുന്നത് ദുനിയാവും അതിലുള്ളതു മുഴുവനും ലഭിക്കു ന്നതിനെക്കാൾ ഉത്തമമാണ്.) [തഫ്സീറുൽ ഖുർത്വുബി]

## 2. അഞ്ചു കലിമകളിൽ രണ്ടാമത്തേത്

لا إله إلا الله وحده

(ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി അല്ലാഹുവല്ലാതെ ആരുമില്ല, അവൻ ഏകനാകുന്നു)

ഇതിൽ وَحْدَهُ എന്നവാക്ക് അല്ലാഹുവിന്റെ ഏകത്വത്തെ, അദ്വിതീയതയെ ആവർത്തിച്ച് ഉറപ്പിക്കാനുള്ളതാണ്. രണ്ടാമത്തെ റുക്നായ സ്ഥിരീകരണത്തിന്റെ (الإثبات) ആവർത്തനവും ദൃഢീകരണവും കൂടിയാണത്.

## 3. അഞ്ചു കലിമകളിൽ മൂന്നാമത്തേത്

لا اله الا الله لا شريك له

(ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി അല്ലാഹുവല്ലാതെ ആരുമില്ല, അവന് യാതൊരു പങ്കുകാരനുമില്ല.) ഇതിൽ (لا شريك له) അവന് യാതൊരു പങ്കുകാരനുമില്ല എന്ന വാക്കും മേൽ വസ്തുത ആവർത്തിച്ച് ഉറപ്പിക്കാനുള്ളതാണ്. അതാകട്ടെ, ആദ്യ റുക്നായ നിരാകരണത്തിന്റെ (النفي) ആവർത്തനവും ദൃഢീകരണവുമാണ്. ഇബ്ന ഹജർ ﵀ പറയുന്നത് കാണുക:

قَالَ ابْنُ حَجَرٍ: تَأْكِيدٌ بَعْدَ تَأْكِيدٍ لِمَزِيدِ الِاعْتِنَاءِ بِمَقَامِ التَّوْحِيدِ (مرقاة المفاتيح)

(തൗഹീദിന്റെ സ്ഥാനത്തിന് അതീവ ശ്രദ്ധ കൽപ്പിക്കേണ്ടതിനായി ഊന്നിയൂന്നിപ്പറയാനാണ് ഇത് ആവർത്തിച്ചിരിക്കുന്നത്.) [മിർഖാതുൽ മഫാതീഹ്]

ഇവിടെ അല്ലാഹുവിന്റെ ഏകത്വം രണ്ടു രൂപത്തിലും ഉറപ്പിച്ച് പറയുകയാണ് ചെയ്യുന്നത്. അവൻ ഏകനാകുന്നു (وحده), അവന് ഒരു പങ്കുകാരനുമില്ല (لا شريك له). ആദ്യത്തേത് സ്ഥിരീകരണ ശൈലിയിലും രണ്ടാമത്തേത് നിഷേധക ശൈലിയിലു

മാണ്. ഇങ്ങനെ എല്ലാ തരത്തിലും അല്ലാഹുവിന്റെ ഏകത്വം ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു.

അല്ലാഹു പറയുന്നു:

قُلِ ادْعُوا الَّذِينَ زَعَمْتُم مِّن دُونِ اللَّهِ لَا يَمْلِكُونَ مِثْقَالَ ذَرَّةٍ فِي السَّمَاوَاتِ وَلَا فِي الْأَرْضِ وَمَا لَهُمْ فِيهِمَا مِن شِرْكٍ وَمَا لَهُ مِنْهُم مِّن ظَهِيرٍ ۞ وَلَا تَنفَعُ الشَّفَاعَةُ عِندَهُ إِلَّا لِمَنْ أَذِنَ لَهُ... (سبأ ٢٢، ٢٣)

(പറയുക: അല്ലാഹുവിനു പുറമെ നിങ്ങൾ ജൽപ്പിക്കുന്നവരെ വിളിച്ചുനോക്കൂ. ആകാശങ്ങളിലോ ഭൂമിയിലോ ഒരു കറുത്ത ഉറുമ്പിന്റെ കനത്തിൽപോലും ഒന്നും അവർ അധീനമാക്കുന്നില്ല, അവ രണ്ടിലും അവർക്ക് യാതൊരു പങ്കുമില്ല, അവരിൽനിന്ന് ഒരു സഹായിയും അവനില്ല, അവൻ അനുവദിച്ചവർക്കല്ലാതെ അവന്റെയടുക്കൽ ശിപാർശ ഉപകരിക്കുകയുമില്ല.) [സബഅ് 22, 23]

## 4. അഞ്ചു കലിമകളിൽ നാലാമത്തേത്

لاَ إِلَهَ إِلاَّ اللَّهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ

(ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി അല്ലാഹുവല്ലാതെ ആരുമില്ല. അവന്നാകുന്നു സർവ്വാധിപത്യം, അവന്നാകുന്നു സർവ്വ സ്തുതിയും)

എല്ലാ വസ്തുക്കളുടെയും വസ്തുതകളുടെയും ഉടമസ്ഥതയും സർവ്വാധിപത്യവും അല്ലാഹുവിന്നു മാത്രമാണ്. അവന്റെ ആധിപത്യവും ഉടമസ്ഥതയും പരിപൂർണ്ണവും അപരിമേയവുമാണ്. അവന്റെ അധീശത്വത്തിന് കാല വ്യത്യാസവുമില്ല.

അല്ലാഹു പറയുന്നു:

يُسَبِّحُ لِلَّهِ مَا فِي السَّمَاوَاتِ وَمَا فِي الأَرْضِ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ (التغابن ١)

**(ആകാശഭൂമികളിലുള്ളതെല്ലാം അല്ലാഹുവിന്ന് തസ്ബീഹ് ചെയ്യുന്നു. അവന്നാകുന്നു സർവ്വാധിപത്യം, അവന്നാകുന്നു സർവ്വ സ്തുതി, അവൻ എല്ലാറ്റിനും കഴിവുള്ളവനാകുന്നു.) (തഗാബുൻ 1)**

**ഇബ്നു ജരീർ ﵀ പറയുന്നു:**

وقوله :(لَهُ الْمُلْكُ) يقول تعالى ذكره: له ملك السموات والأرض وسلطانهما، ماض قضاؤه في ذلك، نافذ فيه أمره، وقوله: (وَلَهُ الْحَمْدُ) يقول: وله حمد كلّ ما فيها من خلق، لأن جميع من في ذلك من الخلق لا يعرفون الخير إلا منه، وليس لهم رازق سواه، فله حمد جميعهم. (جامع البيان)

**(അവന്നാകുന്നു ആകാശഭൂമികളുടെ ഉടമസ്ഥതയും ആധിപത്യവും. അവിടങ്ങളിലെല്ലാം അവന്റെ തീരുമാനമാണ് നടപ്പാകുന്നത്, അവന്റെ കൽപ്പനകളാണ് നിറവേറുന്നത്. (അവന്നാകുന്നു സർവ്വ സ്തുതി). അവിടെയുള്ള മുഴുവൻ സൃഷ്ടികളുടെയും സ്തുതി അവന് മാത്രമുള്ളതാണ്. കാരണം അവിടെയുള്ള മുഴുസൃഷ്ടികൾക്കും അവന്റെ അനുഗ്രഹത്തെയല്ലാതെ അറിയില്ല. അവനല്ലാതെ മറ്റൊരു അനുഗ്രഹദാതാവും അവർക്കില്ല. അതിനാൽ അവരുടെ മുഴുവൻ സ്തുതിയും അവന്നുള്ളതാകുന്നു.) [ജാമിഉൽ ബയാൻ]**

**സഅ്ദി ﵀ പറയുന്നു:**

وأن الملك كله لله، فلا يخرج مخلوق عن ملكه، والحمد كله له، حمد على ما له من صفات الكمال، وحمد على ما أوجده من الأشياء، وحمد على ما شرعه من الأحكام، وأسداه من النعم. (تيسير الكريم الرحمن)

(ആധിപത്യം മുഴുവൻ അവന്ന മാത്രമാണ്, ഒരു പടപ്പും അവന്റെ ആധിപത്യത്തിൽ നിന്ന് പുറത്തുപോകുന്നില്ല. സർവ്വ സ്തുതിയും അവന്ന മാത്രമാണ്. സമ്പൂർണ്ണവും അതി മനോഹരവുമായ അവന്റെ ഗുണവിശേഷങ്ങളെ മുൻനിർത്തിയുള്ള സ്തുതി, അവൻ ഉണ്ടാക്കിയിട്ടുള്ള മുഴുവൻ വസ്തുക്കളെയും മുൻ നിർത്തിയുള്ള സ്തുതി, അവൻ നിയമമാക്കിയ മുഴുവൻ വിധികളെയും, അവൻ ചൊരിഞ്ഞു തന്ന മുഴുവൻ അനുഗ്രഹങ്ങളെയും മുൻ നിർത്തിയുള്ള സ്തുതി.) (തയ്സീറുൽ കരീമിറഹ്മാൻ)

**രോഗാവസ്ഥയിലും ജീവിതാന്ത്യത്തിലും തൗഹീദിന്റെ ഈ വചനങ്ങൾക്കുള്ള സ്ഥാനം വളരെ വലുതാണ്. നമ്മൾ അല്ലാഹുവിന്റെ അടിമകളാണ്, അവന്റെ ഉടമസ്ഥതയിലാണ്, അവനാണ് നമ്മുടെ കാര്യങ്ങൾ വിധിക്കുന്നവൻ, അവന്റെ തീരുമാനങ്ങളിൽ ക്ഷമിക്കുകയും സംതൃപ്തിയോടെ അവ സ്വീകരിക്കുകയും, സ്തുതിയർപ്പിക്കുകയും വേണം. അല്ലാഹുവിൽ തികഞ്ഞ പ്രതീക്ഷയർപ്പിക്കണം. അവനെക്കുറിച്ച് നല്ല വിചാരം മാത്രം വെച്ചുപുലർത്തണം.**

عَنْ جَابِرِ بْنِ عَبْدِ اللَّهِ الأَنْصَارِيِّ قَالَ: سَمِعْتُ رَسُولَ اللَّهِ ﷺ قَبْلَ مَوْتِهِ بِثَلَاثَةِ أَيَّامٍ يَقُولُ: لَا يَمُوتَنَّ أَحَدُكُمْ إِلَّا وَهُوَ يُحْسِنُ الظَّنَّ بِاللَّهِ عَزَّ وَجَلَّ. (مسلم)

ജാബിർ ബിൻ അബ്ദില്ല رضي الله عنه നിവേദനം. അല്ലാഹുവിന്റെ റസൂൽ ﷺ മരണപ്പെടുന്നതിന്റെ മൂന്നു നാൾ മുമ്പ് ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: അല്ലാഹുവിനെക്കുറിച്ച് നല്ല വിചാ

രത്തോടെയല്ലാതെ നിങ്ങളിലൊരാളും മരിക്കാൻ ഇട വരരുത്.) [മുസ്‌ലിം]

عَنْ أَبِي الْأَشْعَثِ الصَّنْعَانِيِّ، أَنَّهُ رَاحَ إِلَى مَسْجِدِ دِمَشْقَ وَهَجَّرَ بِالرَّوَاحِ، فَلَقِيَ شَدَّادَ بْنَ أَوْسٍ وَالصُّنَابِحِيُّ مَعَهُ، فَقُلْتُ: أَيْنَ تُرِيدَانِ يَرْحَمُكُمَا اللهُ؟ قَالَا: نُرِيدُ هَاهُنَا إِلَى أَخٍ لَنَا مَرِيضٍ نَعُودُهُ. فَانْطَلَقْتُ مَعَهُمَا حَتَّى دَخَلَا عَلَى ذَلِكَ الرَّجُلِ، فَقَالَا لَهُ: كَيْفَ أَصْبَحْتَ؟ قَالَ: أَصْبَحْتُ بِنِعْمَةٍ. فَقَالَ لَهُ شَدَّادٌ: أَبْشِرْ بِكَفَّارَاتِ السَّيِّئَاتِ وَحَطِّ الْخَطَايَا، فَإِنِّي سَمِعْتُ رسولَ الله ﷺ يَقُولُ: إِنَّ اللهَ عَزَّ وَجَلَّ يَقُولُ: إِنِّي إِذَا ابْتَلَيْتُ عَبْدًا مِنْ عِبَادِي مُؤْمِنًا، فَحَمِدَنِي عَلَى مَا ابْتَلَيْتُهُ، فَإِنَّهُ يَقُومُ مِنْ مَضْجَعِهِ ذَلِكَ كَيَوْمِ وَلَدَتْهُ أُمُّهُ مِنَ الْخَطَايَا، وَيَقُولُ الرَّبُّ عَزَّ وَجَلَّ: أَنَا قَيَّدْتُ عَبْدِي، وَابْتَلَيْتُهُ، فَأَجْرُوا لَهُ كَمَا كُنْتُمْ تُجْرُونَ لَهُ وَهُوَ صَحِيحٌ. (رواه أحمد وحسنه الألباني)

(അബുൽ അശ്അഥ് അസ്വൻആനീ ﵀ നിവേദനം. അദ്ദേഹം ഒരിക്കൽ ഡമസ്കസിലെ പള്ളിയിലേക്ക് നേരത്തെ പോവുക യായിരുന്നു, അപ്പോൾ ശദ്ദാദ് ബിൻ ഔസ് ﵁ വിനെ കണ്ടു മുട്ടി, അദ്ദേഹത്തോടൊപ്പം സുനാബിഹീ ﵀ യും ഉണ്ടായി രുന്നു. ഞാൻ അവരോടു ചോദിച്ചു: നിങ്ങൾ എങ്ങോട്ടാണ്? അല്ലാഹു നിങ്ങൾക്ക് കരുണ ചൊരിയട്ടെ. അവർ പറഞ്ഞു: ഞങ്ങൾ ഇതാ ഇവിടെ വരെ, രോഗിയായ നമ്മുടെ ഒരു സഹോദരനെ സന്ദർശിക്കാൻ. അങ്ങനെ ഞാനും അവരോ ടൊപ്പം പോയി. അവർ അദ്ദേഹത്തിന്റെയടുക്കൽ പ്രവേശിച്ചു. എന്നിട്ട് ചോദിച്ചു: എങ്ങനെയുണ്ട് താങ്കൾക്ക്? അദ്ദേഹം പറഞ്ഞു: ഞാൻ അനുഗ്രഹത്തിലാണ്. അപ്പോൾ ശദ്ദാദ് ﵁ പറഞ്ഞു: താങ്കൾക്ക് സന്തോഷിക്കാൻ ഒരു വകയുണ്ട്. അത് തിന്മകൾ മാച്ചുന്നതും തെറ്റുകൾ പൊറുക്കുന്നതുമായ ഒരു

കാര്യമാണ്. അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: അല്ലാഹു عزوجل പറയുന്നു: ഞാൻ എന്റെ ദാസനെ ഒരു വിശ്വാസിയെന്ന നിലയിൽ പരീക്ഷിക്കുകയും, എന്നിട്ടവൻ ഞാൻ പരീക്ഷിച്ചതിന്ന് എന്നെ സ്തുതിക്കുകയും ചെയ്താൽ, അവൻ തന്റെ രോഗശയ്യയിൽ നിന്ന് എഴുന്നേൽക്കുക അവന്റെ ഉമ്മ അവനെ പ്രസവിച്ചപോലെ തെറ്റുകളിൽ നിന്ന് മുക്തനായിട്ടായിരിക്കും. റബ്ബ് عزوجل കർമ്മങ്ങൾ രേഖപ്പെടുത്താൻ ഏൽപ്പിച്ച മലക്കുകളോട് പറയും: ഞാനാണ് എന്റെ ദാസനെ ബന്ദിയാക്കുകയും പരീക്ഷിക്കുകയും ചെയ്തത്. അതിനാൽ ആരോഗ്യവാനായിരുന്നപ്പോൾ അവന് രേഖപ്പെടുത്തിയിരുന്ന പ്രതിഫലമെന്തായിരുന്നുവോ അതു തന്നെ രേഖപ്പെടുത്തുവീൻ.) [അഹ്മദ്]

രോഗിയായി കിടക്കുമ്പോൾ അല്ലാഹുവിന്റെ വിധിയിൽ വിശ്വസിക്കുകയും, അവന്റെ തീരുമാനത്തിൽ ക്ഷമയോടെ തൃപ്തിപ്പെടുകയും, അവനെ സ്തുതിക്കുകയും ചെയ്യുന്നതിന്റെ പ്രാധാന്യവും അതിന് അവൻ നിശ്ചയിച്ച പ്രതിഫലത്തിന്റെ മഹത്വവും പഠിപ്പിക്കുന്നതാണ് ഖുദ്സിയ്യായ ഈ ഹദീഥ്.

لا إله إلا الله، له الملك وله الحمد (ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി അല്ലാഹുവല്ലാതെ ആരുമില്ല. അവന്നാകുന്നു സർവ്വാധിപത്യം, അവന്നാകുന്നു സർവ്വ സ്തുതി) എന്ന വാക്കുകളുടെ പ്രാധാന്യം വിളിച്ചറിയിക്കുന്നതു കൂടിയാണിത്.

ആയുസ്സും ആരോഗ്യവും സൗഖ്യവും അല്ലാഹുവിന്റെ വിധി പ്രകാരമാണ് സംഭവിക്കുക. അവൻ തന്നെയാണ് മരണവും രോഗവും പ്രയാസവും നിശ്ചയിച്ചിട്ടുള്ളത്. അസഹനീയ സന്ദർഭങ്ങളിൽ പോലും റബ്ബിലുള്ള പ്രതീക്ഷ കൈവെടിഞ്ഞ് മരണം കൊതിക്കുകയോ, അതിനുവേണ്ടി പ്രാർ

ത്ഥിക്കുകയോ ചെയ്യുന്നവനല്ല വിശ്വാസി. ഏതാണ് തനിക്ക് ഗുണമെന്ന് തന്നെക്കാൾ നന്നായി അറിയുന്ന റബ്ബിലേക്ക് എല്ലാം ഭരമേൽപ്പിക്കലാണ് വിധിവിശ്വാസത്തിന്റെ പൊരുൾ.

عَنْ أَنَسٍ ﷺ قَالَ: قَالَ رَسُولُ اللهِ ﷺ: لَا يَتَمَنَّيَنَّ أَحَدٌ مِنْكُمُ الْمَوْتَ لِضُرٍّ نَزَلَ بِهِ، فَإِنْ كَانَ لَا بُدَّ مُتَمَنِّيًا لِلْمَوْتِ فَلْيَقُلْ: اللَّهُمَّ أَحْيِنِي مَا كَانَتِ الْحَيَاةُ خَيْرًا لِي، وَتَوَفَّنِي إِذَا كَانَتِ الْوَفَاةُ خَيْرًا لِي. (البخاري)

(അനസ് ؓ നിവേദനം. അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നു: നിങ്ങളിലൊരാളും തനിക്കു വന്നുഭവിച്ച ഒരു പ്രയാസം കാരണമായി മരണം കൊതിച്ചുപോകരുത്. മരണം കൊതിക്കാതെ നിർവ്വാഹമില്ലെന്നാണെങ്കിൽ അവൻ ഇപ്രകാരം പറയട്ടെ: അല്ലാഹുവേ, ജീവിതം എനിക്ക് ഗുണകരമായിരിക്കുന്നിടത്തോളം എന്നെ നീ ജീവിപ്പിക്കണേ, മരണമാണ് എനിക്ക് ഗുണകരമെങ്കിൽ എന്നെ നീ മരിപ്പിക്കണേ.) [ബുഖാരി]

ഈ വാക്കുകൾക്ക് മറ്റൊരു സവിശേഷത കൂടിയുണ്ട്. പ്രയാസങ്ങളിൽ മാത്രമല്ല, സാധാരണ നമസ്കാരങ്ങളിൽ പോലും നബി ﷺ ചൊല്ലാറുണ്ടായിരുന്ന ഒരു ദുആയുടെ ഭാഗമാണിത്. ഇമാം നസാഇൗ അമ്മാർ ബിൻ യാസിർ ؓ ൽ നിന്ന് നിവേദനം ചെയ്തിട്ടുള്ള ഹദീസിൽ അത് നമുക്കു കാണാം:

اللَّهُمَّ بِعِلْمِكَ الْغَيْبَ وَقُدْرَتِكَ عَلَى الْخَلْقِ؛ أَحْيِنِي مَا عَلِمْتَ الْحَيَاةَ خَيْرًا لِي، وَتَوَفَّنِي إِذَا عَلِمْتَ الْوَفَاةَ خَيْرًا لِي... (النسائي وصححه الألباني)

(അല്ലാഹുവേ, പടപ്പുകളിൽ നിന്ന് നീ മറച്ചുപിടിച്ച നിന്റെ ഗൈബിയായ അറിവും, പടപ്പുകളുടെ മേലുള്ള നിന്റെ കഴിവും മുൻ നിർത്തി ഞാൻ ചോദിക്കുന്നു, നിന്റെ അറിവിൽ ജീവിതം എനിക്ക് ഗുണകരമായിരിക്കുന്നിടത്തോളം എന്നെ നീ ജീവിപ്പിക്കണേ, നിന്റെ അറിവിൽ മരണമാണ്

എനിക്ക് ഗുണകരമെങ്കിൽ എന്നെ നീ മരിപ്പിക്കണേ...) [നസാഈ]

ജീവിക്കുകയാണെങ്കിലും മരിക്കുകയാണെങ്കിലും നന്മ ലഭിക്കണം എന്നതാണ് സത്യവിശ്വാസിയുടെ തേട്ടം എന്നർത്ഥം. ആയാസങ്ങളിലും അനായാസങ്ങളിലും അവന് ചോദിക്കാനുള്ളത് ആത്യന്തികമായി ഒന്നുതന്നെയാണ്. അത് അല്ലാഹുവിൽ നിന്നുള്ള നന്മയാണ്. ഈ കാര്യം വ്യക്തമാക്കുന്ന മറ്റൊരു ഹദീസു കൂടി പറയാം:

عَنْ أَنَسٍ، أَنَّ رَسُولَ اللَّهِ ﷺ عَادَ رَجُلًا مِنَ الْمُسْلِمِينَ قَدْ خَفَتَ، فَصَارَ مِثْلَ الْفَرْخِ، فَقَالَ لَهُ رَسُولُ اللَّهِ ﷺ هَلْ كُنْتَ تَدْعُو بِشَيْءٍ، أَوْ تَسْأَلُهُ إِيَّاهُ؟ قَالَ: نَعَمْ، كُنْتُ أَقُولُ: اللَّهُمَّ، مَا كُنْتَ مُعَاقِبِي بِهِ فِي الْآخِرَةِ، فَعَجِّلْهُ لِي فِي الدُّنْيَا. فَقَالَ رَسُولُ اللَّهِ ﷺ سُبْحَانَ اللَّهِ لَا تُطِيقُهُ - أَوْ لَا تَسْتَطِيعُهُ - أَفَلَا قُلْتَ: اللَّهُمَّ آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ. قَالَ: فَدَعَا اللَّهَ لَهُ فَشَفَاهُ. (مسلم)

(അനസ് رضي الله عنه നിവേദനം. രോഗം മൂലം ഒരു പക്ഷിക്കുഞ്ഞിനെക്കാളും അവശനായിത്തീർന്ന ഒരു മുസ്‌ലിമിനെ അല്ലാഹുവിന്റെ റസൂൽ ﷺ സന്ദർശിക്കുമ്പോൾ ഇങ്ങനെ ചോദിച്ചു: താങ്കൾ എന്തെങ്കിലും പ്രാർത്ഥിക്കുകയോ ചോദിക്കുകയോ ചെയ്തിരുന്നുവോ? അദ്ദേഹം പറഞ്ഞു: അതെ, ഞാൻ ഇങ്ങനെ പറയാറുണ്ടായിരുന്നു: അല്ലാഹുവേ! വല്ല ശിക്ഷയും എനിക്ക് നീ പരലോകത്ത് വെച്ചിട്ടുണ്ടെങ്കിൽ, അത് ഇവിടെ ദുനിയാവിൽ തന്നെ നൽകി അവസാനിപ്പിക്കണേ. അത് കേട്ട് അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: സുബ്ഹാനല്ലാ! താങ്കൾക്കത് താങ്ങാനാവില്ല കെട്ടോ. മറിച്ച്, താങ്കൾക്ക് ഇങ്ങനെ പറയാമായിരുന്നില്ലേ:

'അല്ലാഹുവേ! ദുനിയാവിൽ ഞങ്ങൾക്ക് നന്മ നൽകേണമേ, പരലോകത്തും നന്മ നൽകേണമേ, നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ നീ കാത്തുരക്ഷിക്കണേ.' അനസ് ﷺ പറയുന്നു: അങ്ങനെ അദ്ദേഹം അല്ലാഹുവിനോട് അപ്രകാരം ദുആ ചെയ്യുകയും, അദ്ദേഹത്തിന് അല്ലാഹു ശമനം നൽകുകയും ചെയ്തു.) [മുസ്‌ലിം]

നിരാശയുടെ അന്ധകാരച്ചുഴിയിൽ നിന്ന് പ്രതീക്ഷയുടെ പൊൻകിരണത്തിലേക്ക് ഹൃദയത്തെ വഴിതെളിക്കുന്ന വാക്കുകളാണ് ആ രണ്ട് പ്രാർത്ഥനകളിലുമുള്ളത്. രണ്ടും ഒരേ അച്ചുതണ്ടിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്.

- اللَّهُمَّ أَحْيِنِي مَا كَانَتِ الْحَيَاةُ خَيْرًا لِي، وَتَوَفَّنِي إِذَا كَانَتِ الْوَفَاةُ خَيْرًا لِي
- اللَّهُمَّ آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ

നമ്മൾ അല്ലാഹുവിന്റെ അടിമകൾ. അവനാണ് നമ്മുടെ സ്രഷ്ടാവ്, അവൻ മാത്രം. ആത്യന്തികമായി നമുക്ക് നന്മയായി ഭവിക്കുക ഏതെന്ന് അറിയുന്നവൻ അവൻ മാത്രം. അവൻ വിധിച്ചതിന്ന് പൂർണ്ണ തൃപ്തിയോടെ കീഴ്പ്പെടുക. അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുക. പരീക്ഷണങ്ങളിൽ ക്ഷമിക്കുക. രണ്ട് അവസ്ഥയിലും അവനെ സ്തുതിക്കുക. അവസാന ശ്വാസം വരെ അവന്റെ ഏകത്വം അംഗീകരിച്ചുകൊണ്ട് അവനുമാത്രം ആരാധനയർപ്പിച്ച് ജീവിക്കുക.

لاَ إِلَهَ إِلاَّ اللَّهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ

(ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി അല്ലാഹു അല്ലാതെ ആരുമില്ല. അവന്നാകുന്നു സർവ്വാധിപത്യം. അവന്നാകുന്നു സർവ്വ സ്തുതിയും.)

## 5. അഞ്ചു കലിമകളിൽ അഞ്ചാമത്തേത്

لاَ إِلَهَ إِلاَّ اللَّهُ، وَلاَ حَوْلَ وَلاَ قُوَّةَ إِلاَّ بِاللَّهِ

(ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി അല്ലാഹു അല്ലാതെ ആരുമില്ല. അല്ലാഹുവിനെക്കൊണ്ടല്ലാതെ തിന്മ തടുക്കാനുള്ള ഒരു ഉപായമോ നന്മ നേടാൻ ഒരു ശക്തിയോ കൈവരികയുമില്ല.)

'ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാ' കലിമതുത്തൗഹീദിന്റെ കൂടെ ചേർത്ത് ഉരുവിടാനുള്ള വചനം. രണ്ടു വചനങ്ങളും സ്വതന്ത്രമായി ഉച്ചരിക്കുമ്പോൾ ലഭിക്കുന്ന അർത്ഥങ്ങൾക്കപ്പുറം ചേർത്തുച്ചരിക്കുമ്പോൾ സവിശേഷമായ ചില ആശയങ്ങൾ കൂടി അവ ധ്വനിപ്പിക്കുന്നുണ്ട്. 'ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാ' സ്വർഗ്ഗത്തിലെ നിധികളിലൊന്നായി ഗണിക്കപ്പെടുന്ന വചനം. ഇസ്‌ലാമിന്റെയും ഇസ്തിസ്‌ലാമിന്റെയും സൂക്ഷ്മാർത്ഥങ്ങളെ അനാവരണം ചെയ്യുന്ന വചനം.

عَنْ أَبِي هُرَيْرَةَ ﷺ أَنَّ رَسُولَ اللَّهِ ﷺ قَالَ: أَلَا أُعَلِّمُكَ - أَوْ قَالَ: أَلَا أَدُلُّكَ - عَلَى كَلِمَةٍ مِنْ تَحْتِ الْعَرْشِ مِنْ كَنْزِ الْجَنَّةِ؟ تَقُولُ: لَا حَوْلَ وَلَا قُوَّةَ إِلَّا بِاللَّهِ، فَيَقُولُ اللَّهُ عَزَّ وَجَلَّ: أَسْلَمَ عَبْدِي وَاسْتَسْلَمَ. (رواه الحاكم وصححه الألباني)

(അബൂഹുറെയ്റഃ ﷺ നിവേദനം. അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നു: അർശിനു ചുവട്ടിൽനിന്നുള്ള, സ്വർഗ്ഗത്തിലെ നിധിയായി കാണാവുന്ന ഒരു മഹദ്വചനം ഞാൻ നിന്നെ അറിയിക്കട്ടെയോ? 'ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാ' ഇത് നീ ഉരുവിടുക. അപ്പോൾ അല്ലാഹു പ്രതിവചിക്കും: എന്റെ അടിമ പൂർണ്ണമായും എനിക്ക് കീഴ്‌വണങ്ങുകയും, സർവ്വഥാ എനിക്ക് സമർപ്പിക്കുകയും ചെയ്തിരിക്കുന്നു.) [ഹാകിം]

'സ്വർഗ്ഗത്തിലെ നിധി' എന്ന വിശേഷണം തന്നെ ഈ കലിമയുടെ മൂല്യത്തെയും, അതിനു അല്ലാഹു നിശ്ചയിച്ചി

രിക്കുന്ന പ്രതിഫലത്തിന്റെ കനത്തെയും സൂചിപ്പിക്കുന്ന താണ്.

أَسْلَمَ عَبْدِي وَاسْتَسْلَمَ

(എന്റെ അടിമ പൂർണ്ണമായും എനിക്ക് കീഴ്വണങ്ങുകയും, സർവ്വഥാ എനിക്ക് സമർപ്പിക്കുകയും ചെയ്തിരിക്കുന്നു.)

കീഴ്വണക്കത്തിന്റെയും സമർപ്പണത്തിന്റെയും സൂക്ഷ്മതല ങ്ങളെ കുറിച്ച് ഇബ്‌ന ഹജർ പറയുന്നത് കാണുക:

قَالَ ابْنُ حَجَرٍ: أَيْ لِمَلَائِكَتِهِ مُعْلِمًا لَهُمْ بِكَمَالِ قَائِلِهَا الْمُتَحَلِّي بِمَعْنَاهَا :(أَسْلَمَ عَبْدِي) أَيِ: انْقَادَ وَتَرَكَ الْعِنَادَ، أَوْ أَخْلَصَ فِي الْعُبُودِيَّةِ بِالتَّسْلِيمِ لِأُمُورِ الرُّبُوبِيَّةِ، (وَاسْتَسْلَمَ) أَيِ: انْقَادَ انْقِيَادًا كَامِلًا، أَوْ بَالَغَ فِي الِانْقِيَادِ وَقَطْعِ النَّظَرِ عَنِ الْعِبَادِ. (مرقاة المفاتيح)

(മേൽ വചനം ഉരുവിടുകയും അത് ഉൾക്കൊള്ളുന്ന ആശയം സ്വാംശീകരിക്കുകയും ചെയ്യുന്ന വ്യക്തിയുടെ പൂർണ്ണത മലക്കുകളെ അറിയിച്ചുകൊണ്ട് അല്ലാഹു പ്രതിവചിക്കും: 'എന്റ അടിയാൻ കീഴ്വണങ്ങിയിരിക്കുന്നു' അഥവാ എതിർ പ്പേതുമില്ലാതെ അവൻ എനിക്ക് കീഴ്പ്പെട്ടിരിക്കുന്നു; റുബൂ ബിയ്യത്തിന്റെ ശാസനകൾക്ക് പൂർണ്ണമായി കീഴ്പ്പെട്ടു കൊണ്ട് എനിക്കു മാത്രമായി അവൻ തന്റെ ഉബൂദിയ്യത്ത് സമർപ്പിച്ചിരിക്കുന്നു. 'അവൻ സർവ്വഥാ അർപ്പിക്കുകയും ചെയ്തിരിക്കുന്നു' അതായത്, പരിപൂർണ്ണമായി കീഴ്പ്പെട്ടു കൊണ്ട് അവൻ സർവ്വഥാ സമർപ്പിച്ചിരിക്കുന്നു. എന്നു വെച്ചാൽ, തീർത്തും സൃഷ്ടികളെ വിട്ട് അവൻ അങ്ങേയറ്റം എനിക്ക് കീഴ്വണങ്ങിയിരിക്കുന്നു.) [മിർഖാതുൽ മഫാതീഹ്]

'ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാ' എന്ന വാക്കിന്റെ അതിവിശാലമായ ആശയതലങ്ങളിലേക്ക് ഒന്ന് എത്തി

നോക്കാൻ പണ്ഡിതന്മാർ നൽകിയ വിവരണങ്ങൾ സഹായ കരമായിരിക്കും. അവയിൽ ചിലതു പരിശോധിക്കാം:

وَقَالَ الْكرْمَانِي أَي لَا حِيلَة فِي دفع الشَّر وَلَا قُوَّة فِي تَحْصِيل الْخَيْر إلا بمعونته، انتهى. وَقَالَ الطِّيبِي أَي لَا تحول عَن مَعْصِيّة الله إلا بتوفيقه، وَلَا قُوَّة على طَاعَته إلا بمشيئته، أَو لَا حِيلَة من مكر الله، انْتهى. (السيوطي في شرح سنن ابن ماجه)

(കർമാനി ﷺ പറയുന്നു: ദോഷം തടുക്കാനുള്ള കൗശലമോ, നന്മ നേടാനുള്ള ശേഷിയോ അവന്റെ സഹായം കൊണ്ടല്ലാതെ ഇല്ല. ത്വീബി ﷺ പറയുന്നു: അല്ലാഹുവിനെ ധിക്കരിക്കുന്നതിൽ നിന്ന് മാറിനിൽക്കാൻ അവന്റെ ഉതവിയില്ലാതെ കഴിയില്ല. അവനെ അനുസരിക്കാനുള്ള ശേഷി അവന്റെ വേണ്ടുകയാലല്ലാതെ കൈവരില്ല. അവന്റെ തന്ത്രത്തിൽ നിന്ന് രക്ഷപ്പെടാൻ യാതൊരു ഉപായവുമില്ല.) [സുയൂത്വി ഇബ്ന മാജഃയുടെ ശർഹിൽ ഉദ്ധരിച്ചത്]

ദോഷം തടുക്കാനുള്ള കഴിവിനും ഉപായത്തിനും, അതു പോലെ അല്ലാഹുവിനെ ധിക്കരിക്കുന്നതിൽനിന്ന് മാറി നിൽ ക്കാനുള്ള കരുത്തിനുമാണ് حَوْل എന്ന് പറയുന്നത്.

നന്മ നേടിയെടുക്കാനുള്ള ശക്തിയും അല്ലാഹുവിന് വഴി പ്പെട്ടുകൊണ്ട് ജീവിക്കാനുള്ള കരുത്തുമാണ് قُوَّة എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്.

അല്ലാഹു പറയുന്നു:

وَإِنْ يَمْسَسْكَ اللَّهُ بِضُرٍّ فَلا كَاشِفَ لَهُ إِلا هُوَ وَإِنْ يُرِدْكَ بِخَيْرٍ فَلا رَادَّ لِفَضْلِهِ (يُونُس: ١٠٧)

(അല്ലാഹു നിനക്ക് വല്ല ദോഷവും ഏൽപ്പിച്ചാൽ അതു നീക്കാൻ അവനല്ലാതെ മറ്റാരുമില്ല. അവൻ നിനക്ക് വല്ല

ഗുണവും ഉദ്ദേശിച്ചാൽ അവന്റെ ഔദാര്യത്തെ തടയുന്ന ഒരുത്തനുമില്ല.) [യൂനുസ് 107]

مَا يَفْتَحِ اللهُ لِلنَّاسِ مِن رَحْمَةٍ فَلاَ مُمْسِكَ لَهَا وَمَا يُمْسِكْ فَلاَ مُرْسِلَ لَهُ مِن بَعْدِهِ... (فاطر ٢)

(അല്ലാഹു മനുഷ്യർക്ക് വല്ല കാരുണ്യവും തുറന്നുകൊടുത്താൽ അതിനെ പിടിച്ചുവെക്കാൻ ആരുമില്ല. അവൻ വല്ലതും പിടിച്ചുവെച്ചാൽ അതിനു ശേഷം അതിനെ വിട്ടുകൊടുക്കാനും ആരുമില്ല.) [ഫാത്വിർ 2]

അല്ലാഹു നൽകിയത് തടുക്കാനോ അവൻ തടഞ്ഞത് വാങ്ങിച്ചുകൊടുക്കാനോ ഒരു സൃഷ്ടിക്കും കഴിയില്ല. അവന്റെ വേണ്ടുകയാലും സഹായത്താലുമല്ലാതെ യാതൊന്നും ഇവിടെ സംഭവിക്കുകയുമില്ല. ഖദറിലുള്ള വിശ്വാസത്തിന്റെ ആണിക്കല്ലാണിത്. അത് അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്ന കലിമയാണിത്. അല്ലാഹുവിൽ സർവ്വം ഭരമേൽപ്പിച്ചുകൊണ്ട് അവന്റെ സഹായം തേടുന്ന വാക്കാണിത്. അതുതൊണ്ടാണ് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ ﵀ ഈ കലിമയെ ഇപ്രകാരം വിശേഷിപ്പിച്ചത്:

هَذِهِ الْكَلِمَةَ كَلِمَةُ اسْتِعَانَةٍ (مجموع الفتاوى)

(ഈ കലിമ അല്ലാഹുവിനോട് സഹായമർത്ഥിക്കാനുള്ള വചനമാണ്) [മജ്മൂഉൽ ഫതാവാ]

وقال رحمه اللهُ: وقول لا حول ولا قوة إلاَّ بالله يوجب الإعانة؛ ولهذا سنَّها النبي ﷺ إذا قال المؤذِّن: حي على الصلاة، فيقول المجيب: لا حول ولا قوة إلاَّ بالله، فإذا قال: حي على الفلاح، قال المجيب: لا حول ولا قوة إلاَّ بالله.(مجموع الفتاوى)

(അദ്ദേഹം പറയുന്നു: 'ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാ' എന്നത് അനിവാര്യമായും സഹായം ലഭ്യമാക്കുന്ന

വചനമാണ്. അതുകൊണ്ടാണ് മുഅദ്ദിൻ 'നമസ്കാരത്തിന്ന് വരുവീൻ' എന്ന് പറയുമ്പോൾ അതിനു പ്രത്യുത്തരം ചെയ്യുന്നവൻ 'ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാ' എന്ന് പറയണമെന്നും, അതു പോലെ 'വിജയത്തിലേക്ക് വരുവീൻ' എന്ന് പറയുമ്പോഴും പ്രത്യുത്തരമായി 'ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാ' എന്നത് ആവർത്തിക്കണമെന്നതും നബി ﷺ ചര്യയാക്കി നിശ്ചയിച്ചത്.) [മജ്മൂഉൽ ഫതാവാ]

ചുരുക്കത്തിൽ ഈ കലിമ إياك نستعين 'നിന്നോടു മാത്രം ഞങ്ങൾ സഹായം തേടുന്നു' എന്ന് പറയുന്നതിന്റെ സ്ഥാന ത്താണ്. അത് لا إله إلا الله യുടെ കൂടെ വെക്കുമ്പോൾ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ എന്നതിനു തുല്യമായിരിക്കുകയും ചെയ്യും.

അല്ലാഹുവിനുള്ള ആരാധന അതിന്റെ ലക്ഷ്യം പ്രാപിക്ക ണമെങ്കിൽ എല്ലാവിധ ശിർക്കിൽ നിന്നും മുക്തമായിരി ക്കണം. മറ്റുള്ളവരെയോ അവനവനെയോ ഇബാദത്തുകളിൽ പങ്കുചേർക്കരുത്. മറ്റുള്ളവരെ കാണിക്കുന്നതിനുള്ള നാട്യം ഇഖ്ലാസിനെ തകർത്തുകളയും. അവനവൻ എന്തോ ഒരു സംഭവമാണ്, എന്തൊക്കെയോ കുറേ ചെയ്തവനാണ് എന്നൊക്കെയുള്ള അഹംഭാവവും ഇഖ്ലാസിനെ തകർക്കും. ഈ രണ്ട് മാരകരോഗങ്ങളിൽ നിന്നും രക്ഷനൽകുന്ന ഒറ്റമൂലിയാണ് إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ رحمه الله പറയുന്നു:

فمن حقق قوله: (إياك نعبد) خرج عن الرياء، ومن حقق قوله: (إياك نستعين) خرج عن الإعجاب. وفي الحديث المعروف: ثلاث مهلكات؛ شح مطاع، وهوًى متبع، وإعجاب المرء بنفسه. (مجموع الفتاوى)

('നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു' എന്ന വചനത്തെ സാക്ഷാത്കരിച്ചവൻ നാട്യത്തിൽ നിന്ന് രക്ഷപ്പെട്ടു. 'നിന്നോടു മാത്രം ഞങ്ങൾ സഹായം തേടുന്നു' എന്ന വചനത്തെ സാക്ഷാത്കരിച്ചവൻ അഹന്തയിൽ നിന്ന് രക്ഷപ്പെട്ടു. പ്രശസ്തമായ ഒരു നബിവചനത്തിൽ ഇപ്രകാരം കാണാം: 'മൂന്നു കാര്യങ്ങൾ വിനാശകരമാണ് - വിധേയത്വം കാണിക്കപ്പെടുന്ന സങ്കുചിതത്വം, പിന്തുടരപ്പെടുന്ന അഭീഷ്ടം, അഹത്തിന്റെ കാര്യത്തിൽ ഒരു മനുഷ്യന് തോന്നുന്ന ഡംഭ്.') [മജ്മൂഉൽ ഫതാവാ]

അല്ലാഹുവിന്ന് മാത്രം ഇബാദത്ത് ചെയ്യുക എന്നതാണ് നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യവും ദൗത്യവും. അല്ലാഹു പറയുന്നു:

وَمَا خَلَقْتُ الْجِنَّ وَالْإِنْسَ إِلَّا لِيَعْبُدُونِ ۞ مَا أُرِيدُ مِنْهُمْ مِنْ رِزْقٍ وَمَا أُرِيدُ أَنْ يُطْعِمُونِ ۞ إِنَّ اللَّهَ هُوَ الرَّزَّاقُ ذُو الْقُوَّةِ الْمَتِينُ (الذاريات ٥٦ – ٥٨)

(ജിന്നുകളെയും മനുഷ്യരെയും എന്നെ മാത്രം ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. അവരിൽ നിന്ന് ഞാൻ ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല. തീർച്ചയായും അല്ലാഹു തന്നെയാണ് ശക്തിയുള്ളവനും പ്രബലനുമായ വിഭവ ദാതാവ്.) [ദാരിയാത്ത് 56-58]

ആ ഇബാദത്ത് അല്ലാഹുവിന് തൃപ്തിപ്പെടുന്ന രൂപത്തിൽ, അവന്റെ റസൂലിന്റെ മാതൃക പിന്തുടർന്ന്, മുടക്കം കൂടാതെ നിർവ്വഹിച്ച് വിജയം കൈവരിക്കണം. എവിടെയായിരുന്നാലും ഏത് അവസ്ഥയിലായിരുന്നാലും ഇതാണ് മനുഷ്യന്റെ ജീവിത ദൗത്യം. ഇതിനേക്കാൾ വലിയൊരു കാര്യം അവനു വേറെയില്ല. അല്ലാഹുവിന്നുള്ള ഉബൂദിയ്യത്ത് സാക്ഷാൽക്കരിക്കുന്നതിലാണ് അടിമയുടെ പരമാനന്ദവും മനഃസ്സമാധാനവും. അവൻ തൃപ്തിപ്പെടുന്ന രൂപത്തിൽ അത്

സാക്ഷാൽക്കരിക്കുന്നതിന് അവന്റെ സഹായം കൂടിയേ തീരൂ.

ഇബ്ന തൈമിയ്യഃ ﵀ പറയുന്നു:

فالمؤمن يرى أن عمله لله؛ لأنه إياه يعبد، وأنه بالله؛ لأنه إياه يستعين.
(الحسنة والسيئة)

(ഒരു വിശ്വാസിയുടെ വിഭാവനയനുസരിച്ച് അവന്റെ പ്രവർത്തനങ്ങളെല്ലാം അല്ലാഹുവിന്നു മാത്രമുള്ളതാണ്. കാരണം അവൻ അല്ലാഹുവിനെ മാത്രമാണ് ആരാധിക്കുന്നത്. അവൻ നിലനിൽക്കുന്നത് അല്ലാഹുവിനെക്കൊണ്ട് മാത്രമാണ്. കാരണം, അവൻ അല്ലാഹുവിനോടു മാത്രമാണ് സഹായം തേടുന്നത്.) [അൽഹസനഃ വസ്സയ്യിഅഃ]

لا إله إلا الله، ولا حول ولا قوة إلا بالله എന്ന ഈ മഹദ്വചനം ഇതേ കാര്യം തന്നെയാണ് അർത്ഥമാക്കുന്നത്.

**അഞ്ചു വചനങ്ങൾ..**
**വളരെ കനപ്പെട്ട വചന വിഭവം..**
**നാവിൽ അതീവ ലളിതം..**
**മരണസമയത്ത് ഉരുവിടാൻ ആ വിഭവം നൽകി അല്ലാഹു അനുഗ്രഹിച്ചാൽ നരകം സ്പർശിക്കാതെ രക്ഷപ്പെട്ടതു തന്നെ.**

നബി ﷺ പറയുന്നു:

"مَنْ رُزِقَهُنَّ عِنْدَ مَوْتِهِ لَمْ تَمَسَّهُ النَّارُ"

(ഈ വചനങ്ങൾ മരണവേളയിൽ ഉച്ചരിക്കാനുള്ള വിഭവമായി ലഭിച്ചവനെ നരകം സ്പർശിക്കുകയില്ല.)

മേൽ വസ്തുത ശൗകാനി ﵀ വിവരിക്കുന്നത് വളരെ ശ്രദ്ധേയമാണ്:

أن هذه الكلمات قد اشتملت على التوحيد خمس مرات، وقد ثبت في الأحاديث الصحيحة أن من مات لا يشرك بالله شيئا دخل الجنة، وسيأتي (أن من كان آخر كلامه لا إله إلا الله دخل الجنة)، ووردت بهذا المعنى أحاديث كثيرة عن جماعة من الصحابة في الصحيحين وغيرهما. (تحفة الذاكرين)

(ഈ കലിമകളിൽ തൗഹീദ് അഞ്ചു തവണ ആവർത്തിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. അല്ലാഹുവിൽ യാതൊന്നിനെയും പങ്കുചേർക്കാതെ മരണപ്പെടുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുക തന്നെചെയ്യും എന്ന കാര്യം സ്വഹീഹായ ഹദീസുകളിൽ സ്ഥിരപ്പെട്ടിട്ടുണ്ട്. ആരുടെ അവസാന വാക്ക് 'ലാ ഇലാഹ ഇല്ലല്ലാ' ആണോ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും എന്ന് ഹദീസ് ചുവടെ നാം വിവരിക്കുന്നുണ്ട്. ഇതേ ആശയത്തിൽ വലിയൊരു സംഘം സ്വഹാബത്തിൽനിന്ന് ധാരാളക്കണക്കിന് ഹദീസുകൾ ബുഖാരിയിലും മുസ്‌ലിമിലും മറ്റും വന്നിട്ടുമുണ്ട്.) [തുഹ്ഫത്തുദ്ദാകിരീൻ]

ഈ അഞ്ചു കലിമകളുടെ പ്രാധാന്യം ഉണർത്തിക്കൊണ്ട് ശൈഖ് ഇബ്‌നു ഉഥൈമീൻ ﷀ പറയുന്നത് കാണുക:

فينبغي للإنسان أن يحفظ هذا الذكر، وأن يكثر منه في حال مرضه حتى يختم له بالخير إن شاء الله تعالى، والله الموفق. (شرح رياض الصالحين)

(ഈ കീർത്തനം ഏതൊരാളും ഹൃദിസ്ഥമാക്കേണ്ടത് അനിവാര്യമാണ്. അല്ലാഹുവിന്റെ വേണ്ടുകയാൽ ഗുണകരമായ പര്യവസാനം ലഭിക്കാൻ രോഗാവസ്ഥയിൽ ഇത് ധാരാളമായി ആവർത്തിക്കുകയും വേണം. അല്ലാഹുവാണ് ഉതവി നൽകുന്നവൻ.) [ശർഹു രിയാളിസ്സ്വാലിഹീൻ]

നാം ചർച്ച ചെയ്യുകൊണ്ടിരിക്കുന്ന നബിവചനത്തെ വിശദീ

കരിക്കവേ, ഹാഫിള് അസ്സിന്ധി ﵀ സുനന്ന ഇബ്നി മാജഃ യുടെ ഹാശിയഃയിൽ കൊടുത്ത ഏതാനും വാക്കുകൾ ഉദ്ധരിച്ചു കൊണ്ട് ഈ കുറിപ്പിന് വിരാമമിടാം.

أي؛ من أعطاه الله تعالى هذه الكلمات عند الموت ووفقه لها لم تمسه النار، بل يدخل الجنة ابتداءً مع الأبرار، اللهم اجعلنا ممن رزقته إياهن. (حاشية السندي على سنن ابن ماجة)

(അതായത്, ആർക്കാണോ തന്റെ മരണവേളയിൽ ഈ വചനങ്ങൾ അല്ലാഹു ദാനമായി നൽകുകയും അത് ഉച്ചരിക്കാൻ ഉതവി നൽകുകയും ചെയ്യുന്നത് അവനെ നരകം സ്പർശിക്കുകയില്ല. മറിച്ച് പുണ്യവാളന്മാരുടെ കൂടെ അവൻ നേരെ സ്വർഗ്ഗത്തിൽ പ്രവേശിക്കും. അല്ലാഹുവേ, അവസാനം ഉച്ചരിക്കാനുള്ള വിഭവമായി ഈ കലിമകൾ നൽകുന്നവരുടെ കൂട്ടത്തിൽ നീ ഞങ്ങളെയും ഉൾപ്പെടുത്തേണമേ.) ആമീൻ

# അവസാന വാക്ക് അഞ്ചു കലിമകൾ

## അബൂ തൈമിയ്യ ഹനീഫ് ബാവ

രോഗിയാകും മുമ്പേ ആരോഗ്യത്തെയും, മരണമെത്തും മുമ്പേ ജീവിതത്തെയും നേട്ടമാക്കിത്തീർക്കണമെന്ന് നബി ﷺ ഉണർത്തുകയുണ്ടായി. നശ്വരമായ ഈ ദുനിയാവിൽ ക്ഷണികമായ ആയുസ്സിന് അവധിയെത്തും മുമ്പ് ചില വിഭവങ്ങൾ നാം സമാഹരിച്ചേ മതിയാകൂ. അത്തരം മഹത്തായ ചില വചനവിഭവങ്ങൾ കരസ്ഥമാക്കുന്നതിനെക്കുറിച്ചും, അവ പഠിച്ച് മരണവേളയിൽ ഉരുവിടുന്നതിനെക്കുറിച്ചും നബി ﷺ പ്രത്യേകം വസ്വിയ്യത്ത് ചെയ്തിരിക്കുന്നു. ആ സദ്‌വചനങ്ങളെ കുറിച്ച് നാം അൽപം ആഴത്തിൽ പഠിക്കുക. എല്ലാം വിട്ടുപിരിയുമ്പോൾ, ഏവരും വിടപറയുമ്പോൾ അവയെങ്കിലും നമുക്ക് ഉപകരിക്കുമെന്ന് പ്രത്യാശിക്കാമല്ലോ. 'അവസാനവാക്ക് ' എന്നത് നാവിൽ നിന്നു വീഴുന്ന അവസാന ശബ്ദം എന്ന അർത്ഥത്തിലല്ല; ലക്ഷണമൊത്ത ഒരു നിലപാടാണത്. നിബന്ധനകൾ പൂർത്തീകരിച്ച കർമ്മമാണ്. ഒരു ആയുഷ്കാലത്തിന്റെ സർവ്വസാരാംശമാണ്.